"ഭരണഭാഷ - മാതൃഭാഷ"

നം:-ഡി ജി ഇ/9368/2025-എച്ച്2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി : 09-06-2025

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം -തസ്തികനിർണയം- 2025-26 അക്കാദമിക വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണയത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പൊതു മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

പരാമർശം :- 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14/05/2025 ലെ ഇതേ നമ്പർ സർക്കുലർ

2. 24/05/2025 ലെ സ.ഉ.(കൈ) 92/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

3. 29/05/2025 ലെ സ.ഉ .(കൈ) 95/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

*****

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പൊതു മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു. പരാമർശം (1) സർക്കുലർ പ്രകാരം, വിദ്യാർത്ഥികളുടെ യു.ഐ.ഡി വാലിഡേഷൻ സംബന്ധിച്ചും സമ്പൂർണ്ണയിലെ രേഖപ്പെടുത്തൽ സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12 അനുസരിച്ച് പാലിക്കേണ്ടതായ സമയപരിധി പാലിച്ചുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾക്കും, തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ കോടതി നിർദേശങ്ങൾ ഉണ്ടെങ്കിൽ ആയതിനു അനുസൃതമായി വരും വർഷങ്ങളിലും, സർക്കാർ ഉത്തരവിനു കാത്തു നിൽക്കാതെ, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ, തസ്തികനിർണ്ണയ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. മാത്രമല്ല, 2024-25 വർഷം എച്ച്.എസ്.ടി ഇംഗ്ലീഷിന് പീരീയഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തിയ രീതിയിൽ തന്നെ 2025-26 വർഷവും തസ്തികനിർണ്ണയം നടത്തുന്നതിനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. പരാമർശം (3) ഉത്തരവ് പ്രകാരം 2024-25 വർഷത്തെ അധിക തസ്തികകൾ സർക്കാരിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ പോലെ തന്നെ 2025-26 അക്കാദമിക വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേക്ക് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

ആദ്യമെ തന്നെ പരാമർശം (3) പ്രകാരം, 2024-25 വർഷത്തെ അധിക ഡിവിഷനുകളും തസ്തികകളും അനുവദിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമന്വയയിൽ ആവശ്യമായ മോഡിഫിക്കേഷൻ വരുത്തി ഉത്തരവ് നൽകേണ്ടതാണ്. ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആദ്യ ഘട്ടത്തിൽ ശിപാർശ ചെയ്ത അധിക ഡിവിഷനുകളും തസ്തികകളും ഉള്ള വിദ്യാലയങ്ങളിൽ രണ്ടാം ഘട്ടത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും പരിശോധന നടത്തി , പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്ത അധിക തസ്തികകളുടെ വിവരങ്ങൾ സമന്വയയിൽ ലഭ്യമാണ് (Staff Fixation Dash Board ൽ View Additional Post Proposal എന്നിടത്ത് View ക്ലിക്ക് ചെയ്താൽ View Details ൽ കാണാം) പ്രസ്തുത അധിക തസ്തികകൾ സമന്വയയിൽ ശിപാർശ ചെയ്യപ്പെട്ടവയാണെന്ന് ഉറപ്പുവരുത്തി അതത് വിദ്യാഭ്യാസ ഓഫീസിൽ നിന്നും മോഡിഫിക്കേഷൻ വരുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾക്ക് ശേഷമാണ് 2025-26 അക്കാദമിക വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ ആരംഭിക്കേണ്ടത്.

സമ്പൂർണ്ണയിലെ വിവരങ്ങൾ ആറാം പ്രവൃത്തി ദിനത്തിൽ പ്രഥമാദ്ധ്യാപകർ കൺഫേം ചെയ്തതിനു ശേഷം പ്രസ്തുത വിവരങ്ങൾ സമന്വയയിലേക്ക് സിംക്രണൈസ് ചെയ്യപ്പെടുന്നതാണ്. തുടർന്ന് മുൻ വർഷങ്ങളിൽ സമർപ്പിച്ചതു പോലെ എല്ലാ പ്രഥമാദ്ധ്യാപകരും അവരവരുടെ സമ്പൂർണ്ണ ലോഗിൻ ഉപയോഗിച്ച് സമന്വയയിലൂടെ തസ്തിക നിർണ്ണയ പ്രോപ്പോസൽ സമർപ്പിക്കേണ്ടതാണ്. സമന്വയ മുഖേനയല്ലാതെ മുൻ അക്കാദമിക വർഷങ്ങളിൽ തസ്തിക നിർണയം നടത്തിയ സ്കൂളുകൾ (1. ഓറിയന്റൽ സ്കൂളുകൾ, 2. കന്നഡ/തമിഴ് മീഡിയം പാരലൽ ഡിവിഷനുകൾ ഉള്ള സ്കൂളുകൾ, 3. സ്പെഷ്യൽ സ്കൂളുകൾ, 4. റ്റി.റ്റി.ഐ കൾ (ഫീഡിംഗ് സ്കൂൾ ഉൾപ്പെടെ), 5. ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ) 2005-26 വർഷവും സമന്വയ മുഖേന പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ല പ്രസ്തുത സ്കൂളുകൾ മുൻ വർഷങ്ങളിലേതു പോലെ മാന്വലായിത്തന്നെ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

സമന്വയ സർവറിൽ അനുഭവപ്പെട്ടേക്കാവുന്ന ലോഡ് ലഘൂകരിക്കുന്നതിനായി താഴെപ്പറയുന്ന തീയതികളിൽ തന്നെ അതതു ജില്ലകളിലെ പ്രഥമാധ്യാപകർ തസ്തിക നിർണയ പ്രൊപ്പോസലുകൾ confirm ചെയ്യേണ്ടതാണ്.

**16.06.2025** -കാസർഗോഡ്, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്കൂളുകൾ

**17.06.2025**-പാലക്കാട്, വയനാട്, തിരുവനന്തപുരം ജില്ലകളിലെ സ്കൂളുകൾ

**18.06.2025**-മലപ്പുറം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ സ്കൂളുകൾ

**19.06.2025**-എറണാകുളം, ഇടുക്കി, കൊല്ലം ജില്ലകളിലെ സ്കൂളുകൾ

**20.06.2025**- കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ സ്കൂളുകൾ

**21.06.2025**--മേൽ പ്രകാരമുള്ള ദിവസങ്ങളിൽ ഏതെങ്കിലും കാരണവശാൽ തസ്തിക നിർണയ പ്രൊപ്പോസലുകൾ confirm ചെയ്യാൻ കഴിയാതിരുന്ന സ്കൂളുകൾ

തസ്തിക നിർണയ പ്രൊപ്പോസൽ സമർപ്പണവുമായി ബന്ധപ്പെട്ട് എതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസം ഉണ്ടാവുകയാണെങ്കിൽ, അതതു ജില്ലാ നോഡൽ

ഓഫീസർമാരെയോ, സ്റ്റേറ്റ് നോഡൽ ഓഫീസുമായോ ബന്ധപ്പെട്ട് പരിഹാരം തേടേണ്ടതാണ്.

1. <u>സമന്വയ വഴി തസ്തിക നിർണ്ണയം നടത്തുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ ചെയ്യേണ്ടത്</u>

സമ്പൂർണ്ണ സൈറ്റിൽ ആറാം പ്രവൃത്തി ദിനം വരെ രേഖപ്പെടുത്തപ്പെട്ട UID ഉള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉപയോഗിച്ചാണ് സമന്വയ വഴി തസ്തിക നിർണ്ണയം നടത്തുന്നത്. സമന്വയയിൽ കുട്ടികളുടെ എണ്ണം/ഭാഷ പോലുള്ളവ തിരുത്തുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതല്ല. സമന്വയ വെബ് സൈറ്റിൽ (https://samanwaya.kite.kerala.gov.in) സമ്പൂർണ്ണ യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ വിത്ത് സമ്പൂർണ്ണ എന്ന ഓപ്ഷൻ ഉപയോഗിച്ചാണ് പ്രഥമാദ്ധ്യാപകർ ലോഗിൻ ചെയ്യേണ്ടത്.

(i) <u>ആറാം പ്രവൃത്തിദിന അംഗബലം ( 6 th Working Day Strength)</u>

പ്രഥമാദ്ധ്യാപകർ തന്നെ സമ്പൂർണ്ണ മുഖേന കൺഫേം ചെയ്ത 2025-26 വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ വിശദാംശങ്ങൾ ആറാം പ്രവൃത്തി ദിനത്തിൽ തന്നെ ലോക്ക് ചെയ്യപ്പെടുന്നതാണ്. പ്രസ്തുത ടാബിലുള്ള വിവരങ്ങൾ പ്രഥമാദ്ധ്യാപകർ തന്നെ കൺഫേം ചെയ്യേണ്ടതാണ്. **കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 12 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് UID ഉള്ള കുട്ടികളെ മാത്രമെ തസ്തിക നിർണ്ണയത്തിന്** പരിഗണിക്കുകയുള്ളു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ii) <u>സ്റ്റാഫ് സ്റ്റേറ്റ്മെന്റ് (Staff Statement)</u>

(a) സ്കൂളിലെ ജീവനക്കാരുടെ വിശദാംശങ്ങളാണ് ഇതിൽ രേഖപ്പെടുത്തേണ്ടത് Repository എന്ന ടാബിൽ മുൻ വർഷം നൽകിയ സ്റ്റാഫ് ലിസ്റ്റ് കാണാവുന്നതാണ് ഇതിൽ മാറ്റമുണ്ടെങ്കിൽ മാറ്റം വരുത്തി സേവ് ചെയ്യേണ്ടതാണ്. Sync from Sampoorna എന്ന ലിങ്ക് ഉപയോഗിച്ചും സമ്പൂർണ്ണയിലെ സ്റ്റാഫ് ലിസ്റ്റ് സമന്വയയിലേയ്ക്ക് മാറ്റാവുന്നതാണ് ഇത് വിശദമായി പരിശോധിച്ച് ഓരോരുത്തരുടെയും ഉദ്യോഗപ്പേര്, സേവനം ആരംഭിച്ച തീയതി, മുൻകാല സേവനം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ എല്ലാ ഫീൽഡുകളും സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്നു ഉറപ്പുവരുത്തി, മാറ്റമുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യണം. ജീവനക്കാരുടെ വിവരങ്ങൾ കാറ്റഗറി തിരിച്ച്, സീനിയോറിറ്റി ക്രമത്തിലാണ് രേഖപ്പെടുത്തേണ്ടത്. **ജീവനക്കാരുടെ സേവനം സംബന്ധിച്ച വിവരങ്ങൾ ഒരിക്കൽ രേഖപ്പെടുത്തി കൺഫേം ചെയ്തു കഴിഞ്ഞാൽ പിന്നീട് എഡിറ്റു ചെയ്യാൻ സാധിക്കുന്നതല്ല** എന്നതിനാൽ ഇക്കാര്യത്തിൽ **പ്രഥമാദ്ധ്യാപകർ അതീവ ശ്രദ്ധ** പുലർത്തേണ്ടതാണ്.

(b) **15/06/2025 ലെ സ്റ്റാഫ് ലിസ്റ്റാണ്** സമന്വയയിൽ അപ്ഡേഷന് ആധാരമാക്കേണ്ടത്. പ്രഥമാദ്ധ്യാപകർ,ജീവനക്കാരുടെ വിശദാംശങ്ങൾ ചേർക്കുമ്പോഴും എഡിറ്റ് ചെയ്യുമ്പോഴും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാഫ് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് സ്പാർക്ക് മുഖേന ലഭിക്കുന്ന ഡാറ്റ ആയതിനാൽ സമന്വയയിലെ അവരുടെ ശരിയായ തസ്തിക തെരഞ്ഞെടുത്ത് ടി ജീവനക്കാരുടെ സേവനം സംബന്ധിച്ച വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ തുടർച്ചയായ സേവനം ആരംഭിച്ച തീയതി എന്ന ഫീൽഡിൽ അവരുടെ നിലവിലുള്ള

തസ്തികയിലെ തുടർച്ചയായ സേവനത്തീയതിയാണ് രേഖപ്പെടുത്തേണ്ടത്. മുൻകാല സർവ്വീസ് കാലയളവ് ആയതിനുള്ള കോളത്തിൽ ചേർക്കണം.

(c) സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ കാറ്റഗറി അടിസ്ഥാനപ്പെടുത്തിയുള്ള **സീനിയോറിറ്റി അനുസരിച്ചാകണം** അവരുടെ സേവന വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് അവരുടെ നിയമന രീതി (**പി.എസ്.സി., ഐ.ഡി.റ്റി., ബൈ-ട്രാൻസ്ഫർ, പ്രൊമോഷൻ, ആശ്രിത നിയമനം**, മുതലായവ) സംബന്ധിച്ച കോളം നിർബന്ധമായും സേവനപുസ്തകം നോക്കിത്തന്നെ പൂരിപ്പിക്കേണ്ടതാണ്. നിയമനരീതി അന്തർജില്ലാ സ്ഥലം മാറ്റമാണെങ്കിൽ നിലവിലുള്ള ജില്ലയിൽ സേവനം ആരംഭിച്ച തീയതി മാത്രമെ രേഖപ്പെടുത്തേണ്ടതുള്ളൂ മറ്റൊരു ജില്ലയിൽ സർക്കാർ സർവ്വീസിൽ തുടർന്നുവരവെ നിലവിലെ ജില്ലയിൽ പി.എസ്.സി. മുഖേന പുതിയ നിയമനം ലഭിച്ചാലും നിലവിലെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് ചേർക്കേണ്ടത്.

(d) മാതൃവിദ്യാലയത്തിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് മറ്റ് സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട (ഡിപ്ലോയ്ഡ്) എയ്ഡഡ് അദ്ധ്യാപകരുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകനാണ്. മാതൃ വിദ്യാലയത്തിലെ സ്റ്റാഫ് ലിസ്റ്റിലെ Deployed to എന്ന ടാബിൽ ജീവനക്കാരനെ ഏത് സ്കൂളിലേയ്ക്കാണോ പുനർവിന്യസിച്ചിരിക്കുന്നത്, ആ സ്കൂളിലേയ്ക്ക് ഡിപ്ലോയ്മെന്റ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയാണ് വേണ്ടത് ഇത്തരത്തിലുള്ള അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളിലെ സ്റ്റാഫ് ലിസ്റ്റിൽ, Deployed from എന്ന ടാബിൽ ഇത്തരക്കാരുടെ വിവരങ്ങൾ ലഭ്യമാണെന്ന് പ്രസ്തുത സ്കൂളിലെ പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത അദ്ധ്യാപകരുടെ വിവരങ്ങൾ **പുനർ വിന്യസിക്കപ്പെട്ട വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകൻ എന്റർ** ചെയ്യേണ്ടതില്ല.

(e) ഡെപ്യൂട്ടേഷൻ, വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവരുടെ വിശദവിവരങ്ങൾ, അവർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ അല്ലെങ്കിൽ ഓഫീസിന്റെ വിശദ വിവരങ്ങൾ എന്നിവ **മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകൻ തന്നെ** രേഖപ്പെടുത്തേണ്ടതാണ്.

(f) 08/04/2022 ലെ എച്ച്2/06/2022/ഡി.ജി.ഇ നമ്പർ കത്തിൽ പരാമർശിക്കപ്പെട്ട പ്രകാരം, മാതൃ സ്കൂൾ നിലവിലില്ലാത്തതും, ഇത്തരം സ്കൂളുകളിൽ നിന്നും പുനർ വിന്യസിക്കപ്പെട്ടവരുമായ സംരക്ഷിത ജീവനക്കാരെ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകളിലെ സ്റ്റാഫ് ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21/12/2022 ലെ എച്ച് 2/5594/2022/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം, കെ ഇ ആർ അദ്ധ്യായം XXI, ചട്ടം 7(1) മുതൽ 7(4) വരെയുള്ള ഒഴിവുകളിൽ സ്ഥിരമായി പുനർ വിന്യസിക്കപ്പെട്ടതായ സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് മാതൃ വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകനാണ്.

(g) അദ്ധ്യാപക പാക്കേജ് വഴി പൂളിംഗ് വ്യവസ്ഥയിൽ ക്ലബ് ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം സംബന്ധിച്ച വിശദ വിവരങ്ങൾ പ്രസ്തുത ജീവനക്കാർക്ക് ശമ്പള വിതരണം നടത്തുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരാണ് രേഖപ്പെടുത്തേണ്ടത്. അദ്ധ്യാപക പാക്കേജ് വഴി ബി.ആർ.സി.കളിലും യു.ആർ.സി.കളിലും ക്ലസ്റ്റർ കോഡിനേറ്റർമാരായി ജോലി ചെയ്യുന്നവരുടെ വിശദ വിവരങ്ങളും ബന്ധപ്പെട്ട മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ

തന്നെ രേഖപ്പെടുത്തേണ്ടതാണ്. നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ വിശദാംശങ്ങൾ Add the new school staff എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

(h) മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ സ്ഥിരം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചവരുടെ വിവരം അനുവദനീയ തസ്തികയിൽ തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്. പെൻ നമ്പർ ലഭിക്കാത്ത അദ്ധ്യാപകർക്ക് ആയത് ചേർക്കേണ്ടതില്ല. **സ്ഥാനക്കയറ്റം ലഭിച്ചതും** എന്നാൽ, **അംഗീകാരം ലഭിക്കാത്തതുമായ ജീവനക്കാരെ പെൻഡിംഗ് പ്രമോഷൻ** എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്..

**(iii) <u>പ്ലാനും ഫിറ്റ്നസ് സർട്ടിഫിക്കറ്റും(Plan and Fitness Certificate)</u>**

(a) സ്കൂൾ കെട്ടിടങ്ങളുടെ അതത് വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്ലാൻ എന്നിവ Plan and Fitness ടാബ് വഴി പ്രഥമാധ്യാപകർ അപ്‌ലോഡ് ചെയ്ത് കൺഫേം ചെയ്യേണ്ടതാണ്. 28/05/2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 114/2022/എൽ.എസ്.ജി.ഡി. നമ്പർ നിർദ്ദേശമനുസരിച്ചുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആയിരിക്കണം പ്രഥമാദ്ധ്യാപകർ സമന്വയയിൽ അപ്‌ലോഡ് ചെയ്യേണ്ടത്. പ്രഥമാദ്ധ്യാപകർ അക്കോമഡേഷന്റെ പ്ലാൻ തയ്യാറാക്കുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുസരിച്ച് ഓരോ കെട്ടിടത്തിന്റെയും അളവുകൾ (നീളം, വീതി, ഉയരം) , കൂടാതെ, പ്രീ-പ്രൈമറി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങളുണ്ടെങ്കിൽ ആ വിഭാഗത്തിന് മാറ്റിവെച്ച ക്ലാസ്സ് മുറികളുടെ കാര്യം എന്നിവ പ്രത്യേകം കാണിക്കേണ്ടതുമാണ്.

(b) Pre-KER, Post KER കെട്ടിടങ്ങൾ തരംതിരിച്ച് അവയുടെ കൃത്യമായ അളവുകളും അവയിൽ ഓരോന്നിലുമുള്ള ക്ലാസ്സ് മുറികളുടെ എണ്ണവും നിർബന്ധമായും ഫിറ്റ്നെസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കണം. ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ എഞ്ചിനീയർക്ക് തിരികെ നൽകി പ്രസ്തുത വിവരങ്ങൾ ചേർത്തു നൽകുവാൻ ആവശ്യപ്പെടേണ്ടതാണ്.

(c) ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങൾ ഉൾപ്പെടുന്ന സ്കൂളുകളാണെങ്കിൽ തസ്തിക നിർണ്ണയ ഉത്തരവിൽ കാണിക്കുന്നതിനായി സെക്കന്ററി വിഭാഗം വരെയുള്ള ക്ലാസ്സുകൾക്കായി മാറ്റിവച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തണം.

(d) പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളും സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കണമെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഒരു സ്കൂളും പ്രവർത്തിപ്പിക്കരുതെന്നും 30/12/2016 ലെ 792455/ഇഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ള കാര്യവും കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

**(iv) <u>റീ അഡ്മിഷൻ (Re-admission and Strength details)</u>**

(a) ആറാം പ്രവൃത്തി ദിനത്തിലെ വിദ്യാർത്ഥികളുടെ എണ്ണം, യു.ഐ.ഡി വാലിഡേറ്റ് ആയ വിദ്യാർത്ഥികളുടെ എണ്ണം, ഇൻവാലിഡ് യു.ഐ.ഡി. ഉള്ള വിദ്യാർത്ഥികളുടെ എണ്ണം, യു.ഐ.ഡി.ഇല്ലാത്ത വിദ്യാർത്ഥികളുടെ എണ്ണം , തുടങ്ങിയ വിവരങ്ങളാണ് ഈ ടാബിൽ കാണിക്കുന്നത്. കൂടാതെ റീ അഡ്മിഷൻ വിദ്യാർത്ഥികളുടെ എണ്ണം ഈ ടാബിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. തുടർ പരിശോധനയിൽ ഏതെങ്കിലും വിദ്യാർത്ഥകളെ ബോഗസ് ആണെന്ന് കണ്ടെത്തിയാൽ ചട്ടപ്രകാരമുള്ള നടപടികൾ അതത് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

(b) ഇത്രയും ജോലികൾ പൂർത്തിയാക്കി കഴിഞ്ഞാൽ Preview option ഉപയോഗിച്ച് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിച്ചുറപ്പ വരുത്തേണ്ടതും തെറ്റുണ്ടെങ്കിൽ എഡിറ്റ് ചെയ്ത് ശരിയാക്കേണ്ടതുമാണ്. **സമർപ്പിക്കുന്ന വിവരങ്ങൾ പൂർണമായും ശരിയാണെന്നുറപ്പ വരുത്തി മാത്രമേ സബ്മിറ്റ് ചെയ്യാവൂ**

**(II) <u>മാനേജർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

**മാനേജർമാർക്ക് തസ്തിക നിർണ്ണയത്തിലേയ്ക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകുവാനുണ്ടെങ്കിൽ** ആയത് സ്കൂൾ പ്രഥമാദ്ധ്യാപകന് നൽകി സമന്വയയിൽ അപ്‌ലോഡ് ചെയ്യിക്കാവുന്നതാണ്.

**(III) <u>തസ്തിക നിർണ്ണയം 2025-26 വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടത്</u>**

(i) 2025-26 വർഷം സമന്വയ മുഖേനയല്ലാതെ മാന്വൽ ആയി തസ്തിക നിർണ്ണയം നടത്തേണ്ട സ്കൂളുകളിൽ (**1.ഓറിയന്റൽ സ്കൂളുകൾ , 2.കന്നട/തമിഴ് മീഡിയം പാരലൽ ഡിവിഷനുകൾ ഉള്ള സ്കൂളുകൾ, പ്രത്യേക സർക്കാർ ഉത്തരവ് വഴി ഇംഗ്ലീഷ് മലയാളം മീഡിയം ക്ലാസുകൾക്ക് വെവ്വേറെ ഡിവിഷനുകളും തസ്തികയും അനുവദിക്കുന്ന സ്കൂളുകൾ 3. സ്പെഷ്യൽ സ്കൂളുകൾ 4. റ്റി.റ്റി.ഐ കൾ (ഫീഡിംഗ് സ്കൂൾ ഉൾപ്പെടെ) 5.ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ**), 2024-25 വർഷത്തിൽ സമന്വയ വഴിയല്ലാതെ തസ്തിക നിർണ്ണയം നടത്തിയതുപോലെ 2025-26 വർഷത്തെ തസ്തിക നിർണ്ണയവും, മറ്റേതെങ്കിലും സ്കൂളുകൾക്ക് ഏതെങ്കിലും കാരണവശാൽ സമന്വയ മുഖേന തസ്തിക നിർണ്ണയം നടത്തുവാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയാണെങ്കിൽ പ്രസ്തുത സ്കൂളുകളുടെ തസ്തിക നിർണ്ണയവും കൂടി മാന്വൽ ആയിത്തന്നെ നടത്തി ഉത്തരവ് നൽകേണ്ടതുമാണ്. ഇത്തരം സ്കൂളുകളിൽ അധിക ഡിവിഷൻ/തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയനുസരിച്ച് മാന്വലായി തന്നെ നടപടി സ്വീകരിക്കേണ്ടതും കെ.ഇ.ആർ അദ്ധ്യായം XXIII, ചട്ടം 12(4) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. സമന്വയ വഴി തസ്തിക നിർണ്ണയം നടത്താൻ കഴിയാതിരുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

(ii) സ്കൂളുകളിൽ നിന്നുള്ള വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ തന്നെ ഓരോ ഓഫീസിന്റെ പരിധിയിലും എത്ര സ്കൂളുകളിൽ അധിക ഡിവിഷനുകളും തസ്തികകളും ലഭ്യമാണെന്നും, തസ്തിക നഷ്ടപ്പെടുന്നതിന്റെ വിവരങ്ങളും ഓഫീസർമാർക്ക് അറിയാൻ കഴിയുന്നതാണ്. 2024-25 അക്കാദമിക വർഷം നടത്തിയതു പോലെ, ആറാം പ്രവൃത്തിദിനത്തിൽ വാലിഡേറ്റ് ചെയ്യപ്പെട്ട UID ഉള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തിലും തുടർന്നുള്ള

വർഷങ്ങളിലും തസ്തിക നിർണയം നടത്തേണ്ടതാണ്. **ആറാം പ്രവൃത്തിദിന കണക്ക് പ്രകാരം തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉള്ള എയ്ഡഡ് സ്കൂളുകൾക്ക് പ്രഥമ പരിഗണന നൽകി ജൂൺ 30 നുള്ളിലും** മറ്റ് സ്കൂളുകളിൽ **ജൂലൈ 10 നകവും** തസ്തിക നിർണയം പൂർത്തിയാകുന്ന തരത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iii) വിദ്യാഭ്യാസ ഓഫീസുകളിൽ ലഭ്യമാകുന്ന തസ്തിക നിർണ്ണയ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ഓഫീസർമാർ അതത് സെക്ഷനുകളിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. വാലിഡ് യു.ഐ.ഡി. ഉള്ള വിദ്യാർത്ഥികളെ മാത്രമെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കേണ്ടതുള്ളൂ എന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. ഓരോ സെക്ഷന്റെയും ലോഗിനിൽ തന്നെ, വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും , ലഭ്യമായ അക്കോമഡേഷന്റെ അടിസ്ഥാനത്തിലും അനുവദനീയമായ ഡിവിഷനുകളും തസ്തികകളും സമന്വയയിൽ കാണിക്കുന്നതാണ്. സെക്ഷൻ ആയതു പരിശോധിച്ച് അനുവദിക്കാവുന്ന ഡിവിഷനുകൾ ആദ്യം രേഖപ്പെടുത്തി, കൺഫേം ചെയ്ത് തുടർന്ന് തസ്തികകൾ കൺഫേം ചെയ്ത് നോട്ട് സഹിതം മേലധികാരികൾ മുഖേന വിദ്യാഭ്യാസ ഓഫീസർക്ക് ഫയൽ അയക്കേണ്ടതാണ്. അധിക ഡിവിഷനുകളും തസ്തികകളും സർക്കാർ അനുമതിയോടെ മാത്രമേ അനുവദിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ കെ.ഇ.ആർ അദ്ധ്യായം XXIII, ചട്ടം-12 ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ സന്ദർശിച്ച് വിശദമായി പരിശോധന നടത്തി, സമന്വയ വഴി ഡയറക്ടർക്ക് ശിപാർശ നൽകേണ്ടതാണ്. ഇതിനുള്ള സംവിധാനം സമന്വയയിൽ ലഭ്യമാണ്.

(i v ) മുൻ വർഷം (2024-25) അനുവദിക്കപ്പെട്ട ഡിവിഷൻ/തസ്തികകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് 2025-26 വർഷത്തെ അധിക ഡിവിഷൻ/തസ്തികകൾ കണക്കാക്കുന്നത്. അധിക ഡിവിഷൻ കണക്കാക്കുമ്പോൾ എൽ.പി, യു.പി., എച്ച്.എസ്. എന്നിവ പ്രത്യേക യൂണിറ്റായി കണക്കാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കകം അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, അധിക തസ്തിക/ഡിവിഷൻ ശിപാർശ ചെയ്യപ്പെടുന്ന സ്കൂളുകളിലെ ശിപാർശ സംബന്ധിച്ച വിവരം അനുബന്ധം മൂന്ന് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾച്ചേർക്കേണ്ടതുമാണ്. അധിക ഡിവിഷൻ സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർ നടത്തുന്ന സന്ദർശനത്തിന്റെ റിപ്പോർട്ട് സമന്വയയിൽ നൽകുമ്പോൾ വാലിഡ് യു.ഐ.ഡി. ഉള്ള ഹാജരുള്ളതും ഹാജരില്ലാത്തതുമായ എല്ലാ വിദ്യാർത്ഥികളുടെയും രേഖകൾ പരിശോധിക്കേണ്ടതാണ്. **വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തുന്ന ദിവസം ഹാജരില്ല എന്ന കാരണത്താൽ മാത്രം ഒരു വിദ്യാർത്ഥിയും തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാതിരിക്കരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.**

(v) ഹാജരില്ലാത്ത വിദ്യാർത്ഥികളുടെയും അതിൽ തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാത്തവരുണ്ടെങ്കിൽ അവരുടെയും പേര് വിവരങ്ങൾ സമന്വയയിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനമുണ്ട്. അധിക ഡിവിഷൻ/തസ്തിക ലഭ്യമല്ലാത്ത സ്കൂളുകളിൽ യു.ഐ.ഡി. ഉള്ള വിദ്യാർത്ഥികളെ പിന്നീട് ബോഗസ് ആണെന്ന് കണ്ടെത്തിയാൽ ചട്ട പ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. സ്കൂൾ സന്ദർശന റിപ്പോർട്ട് മാതൃക സമന്വയയിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

(vi) മാന്വലായി തസ്തിക നിർണ്ണയം ചെയ്യുന്ന സ്കൂളുകളുടെ അനുബന്ധം 3 നോടൊപ്പം തസ്തിക നിർണ്ണയ ഉത്തരവ് (അധിക തസ്തിക അനുവദിക്കാതെയുള്ള) കൂടി ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതാണ്.

**(IV) <u>തസ്തിക നിർണ്ണയം സംബന്ധിച്ച ചില പ്രധാന കാര്യങ്ങൾ</u>**

**(a) <u>അധ്യാപക വിദ്യാർത്ഥി അനുപാതം</u>:-**

**2024-25 വർഷം തസ്തിക നിർണ്ണയത്തിന് സ്വീകരിച്ച അതേ അധ്യാപക, വിദ്യാർത്ഥി അനുപാതമാണ് 2025-26 ലും തുടരേണ്ടത്. അനുപാതം/ എണ്ണം കുറച്ചുകൊണ്ട് മാതൃസ്കൂളിൽ തന്നെ നിലനിലനിർത്തുന്ന വ്യവസ്ഥ 2025-26 വർഷവും ഉണ്ടായിരിക്കുന്നതല്ല.**

**(b) <u>ഹെഡ്ടീച്ചർ തസ്തിക</u>:-**

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII, ചട്ടങ്ങൾ 1(b)(iii), 5(iv) എന്നിവ പ്രകാരം സർക്കാർ/ എയ്ഡഡ് എൽ.പി, യു.പി. സ്കൂളുകളിൽ താഴെ പറയുന്ന ക്രമത്തിൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഒരു അധിക എൽ.പി.എസ്.ടി /യു.പി.എസ്.ടി തസ്തിക അനുവദിക്കേണ്ടതാണ്.

(1) **<u>എൽ. പി. സ്കൂളുകൾ</u>**

1 മുതൽ IV വരെയോ, I മുതൽ V വരെയോ ഉള്ള ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ,

**(2) <u>യു.പി. സ്കൂളുകൾ</u>**

**i) V മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

Vമുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

**ii) I മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

I മുതൽ Vവരെ ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

അല്ലെങ്കിൽ V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

(c) **<u>എച്ച്.എസ്.ടി.(ഇംഗ്ലീഷ്)</u>**

എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തിക അനുവദിക്കേണ്ടത്,26/09/2024 ലെ സ.ഉ.(കൈ)120/2024/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്. 8, 9, 10 സ്റ്റാൻഡേഡുകളിൽ 5 പിരീഡ് വീതമാണ് ഇംഗ്ലീഷിന് കണക്കാക്കേണ്ടത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 6 D യിലെ പിരീഡ് വിതരണ പട്ടിക അനുസരിച്ച് താഴെ പറയും പ്രകാരം ഹൈസ്കൂളുകളിൽ പീരീഡ് അടിസ്ഥാനത്തിലാണ് ഇംഗ്ലീഷ് തസ്തികകൾ അനുവദിക്കേണ്ടത്.

**(i) <u>ആകെ ഇംഗ്ലീഷ് പിരീഡുകൾ</u>**

05 and above but below 15 - 1 part time (max. 14 periods).

15 and above but below 30 - 1 Full time. (max. 29 periods).

30 and above but below 55 - 2 Full time. (29+25 periods max).

55 and above but below 80 - 3 Full time. (54+25 periods and so on).

(ii) 2025-2026 അധ്യയന വർഷത്തിൽ കോർ വിഷയങ്ങൾക്ക് നിലവിലുള്ള ചട്ട പ്രകാരം തന്നെ (ഡിവിഷൻ അടിസ്ഥാനത്തിൽ) തസ്തികനിർണ്ണയം നടത്തേണ്ടതാണ്. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള കോർ വിഷയങ്ങളിൽ നിലവിലുള്ള രീതിയിൽ ഡിവിഷൻ അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തിയാൽ ലഭ്യമാകുന്ന തസ്തികകൾ മാത്രമേ ഇംഗ്ലിഷ് ഒഴികെയുള്ള കോർ വിഷയങ്ങൾക്ക് അനുവദിക്കേണ്ടതുള്ളൂ.

(iii) 2025-2026 അധ്യയന വർഷത്തിൽ ഇംഗ്ലീഷിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ, നേരത്തെ നിലനിന്നിരുന്ന രീതിയിലും പീരിഡ് അടിസ്ഥാനത്തിലും നിലനിൽക്കുന്ന/ അനുവദനീയമായ തസ്തികകളെ സ്ഥിരം തസ്തികകളായും, നേരത്തേ നിലനിന്നിരുന്ന രീതിയിൽ അനുവദനീയമല്ലാത്തതും പീരിഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ, അനുവദിക്കാൻ കഴിയുന്നതുമായ തസ്തികകളെയും, നേരത്തേ നിലനിന്നിരുന്ന രീതിയിലും പീരിഡ് അടിസ്ഥാനത്തിലും തസ്തികനിർണ്ണയം നടത്തിയാൽ മുൻ വർഷത്തേക്കാൾ കൂടുതലായി അനുവദിക്കാൻ കഴിയുന്ന തസ്തികകളെയും താത്കാലിക അധിക തസ്തികകളായി കണക്കാക്കേണ്ടതാണ്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഡിവിഷനുകൾ വർദ്ധിക്കുന്നതു മൂലം മുൻ വർഷത്തേക്കാൾ അധികം എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ, കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 പ്രകാരമുള്ള പരിശോധനകളെല്ലാം തന്നെ നടത്തേണ്ടതും ചട്ട പ്രകാരം അധിക ഡിവിഷനുകൾ/ തസ്തികകൾ അനുവദനീയമെങ്കിൽ സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതുമാണ്. പീരിഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ മാത്രമാണ് അധിക തസ്തികകൾ വരുന്നതെങ്കിൽ മേൽ പരാമർശിച്ച പ്രകാരമുള്ള പരിശോധനയോ, അധിക ഡിവിഷനുകൾ/ തസ്തികകൾ എന്ന രീതിയിൽ സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതോ ആയ ആവശ്യമില്ല.

(d) <u>ഗ്രൂപ്പ് 'സി' ഡൈവെർഷൻ</u>

ഗ്രൂപ്പ് 'സി' വിഷയങ്ങളിൽ നിന്നുള്ള പീരീഡുകൾ കൂടി ഉപയോഗിച്ച് ഭാഷാവിഷയങ്ങളിൽ ഫുൾടൈം തസ്തിക അനുവദിച്ചിരുന്ന നടപടി 2010-11 വർഷം വരെ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. (4.11.2010 ലെ ജി.ഒ (എം.എസ്) നമ്പർ 220/2010/പൊ.വി.വ.) 2011-12 മുതൽ ഇപ്രകാരം ഫുൾടൈം തസ്തിക പുതുതായി സൃഷ്ടിക്കാനാവില്ല. എന്നാൽ , 2010-11 വരെ ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴി ഫുൾടൈം തസ്തിക സൃഷ്ടിച്ച് അതിൽ തുടർന്നിരുന്ന അധ്യാപകർക്ക് അവർ സർവീസിൽ നിന്നു വിരമിക്കുന്നതുവരെ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണ്. അവരുടെ വിരമിക്കലിനുശേഷം പ്രസ്തുത തസ്തിക പാർട്ട് ടൈം ആയി മാറുന്നതാണ്.

(e) <u>ഫുൾടൈം ബനഫിറ്റ്</u>

(i) ഭാഷാധ്യാപകർക്ക് ഫുൾ ടൈം ബനഫിറ്റ് നൽകുമ്പോൾ അവർക്ക് ഫുൾടൈം ജോലി കൂടി ഉറപ്പുവരുത്തണമെന്ന് 02-05-1973 ലെ സ.ഉ.(കൈ.) 62/73/എസ്.ഇ.ഡി.എൻ ഉത്തരവിൽ നിർദേശമുണ്ട്. ആയതിനാൽ ഫുൾ ടൈം ബനഫിറ്റ് നൽകുന്ന ഭാഷാധ്യാപകരുടെ സേവനം സമീപ സ്കൂളുകളുമായി (പ്രസ്തുത വിഷയം പഠിപ്പിക്കാൻ വേണ്ടി മാത്രം) ക്ലബ് ചെയ്യേണ്ടതാണ്. സമീപ സ്കൂളുകളിലൊന്നും ക്ലബ് ചെയ്യാൻ കഴിയുന്നില്ല എന്ന കാരണത്താൽ ആർക്കും

ഫുൾടൈം ബനഫിറ്റ് അനുവദിക്കാത്ത അവസ്ഥയുണ്ടാകുവാൻ പാടില്ല. ഇത്തരം സാഹചര്യങ്ങളിൽ, പ്രസ്തുത അധ്യാപകർക്ക് അവരുടെ സ്കൂളിൽ തന്നെ ഫുൾ ടൈം ആയി ജോലി നൽകുവാൻ ആവശ്യമായ ക്രമീകരണം നടത്തുവാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തേണ്ടതാണ്. ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.. 02-05-1973 ലെ സർക്കാർ ഉത്തരവ് G.O(MS) 62/73/SEDN പ്രകാരം 5 വർഷത്തെ തുടർച്ചയായ സർവീസും 8 പീരീഡ് ജോലിയുമുള്ള ഭാഷാധ്യാപകർക്കാണ് ഫുൾ ടൈം ബനഫിറ്റ് നൽകുന്നത്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് 8 പീരീഡ് ജോലിയുള്ള ഭാഷാധ്യാപകർക്ക് തുടർച്ചയായ 5 വർഷം തികയുന്ന തീയതിയുടെ അടുത്ത ദിവസം മുതൽ ഫുൾ ടൈം ബനിഫിറ്റിന് അർഹതയുണ്ടാകുമെന്ന് (അധ്യാപകന്റെ പേരും സർവീസും തീയതിയും എല്ലാം ചേർത്ത്) തസ്തികനിർണയ ഉത്തരവിൽ മുൻകൂട്ടി തന്നെ രേഖപ്പെടുത്തേണ്ടതാണ്. 2025 ജൂലൈ 1 5 മുതൽ 2026 ജൂലൈ 14 വരെയുള്ള കാലയളവിൽ ഫുൾ ടൈം ബെനഫിറ്റിനു അർഹതയുള്ളവരുടെ പേരുവിവരം ചേർക്കേണ്ടത് 2025-26 ലെ തസ്തിക നിർണയ ഉത്തരവിലാണ്.

(ii)നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അധിക തസ്തിക ഒഴികെയുള്ള **തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യം ജൂലൈ 15 ആയിരിക്കും** . കുട്ടികളുടെ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് ആരെങ്കിലും പുറത്തുപോകുന്ന സാഹചര്യമുള്ള സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ മുൻഗണന നൽകി ആദ്യം തന്നെ പുറപ്പെടുവിക്കേണ്ടതാണ്. തസ്തിക നിർണ്ണയത്തിനു ശേഷം ഡിവിഷൻ/തസ്തിക കുറവ് വരുന്ന തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നാൽ, പ്രഥമാധ്യാപകർ ആയത് റിപ്പോർട്ട് ചെയ്യേണ്ടതും ആയതിനനുസരിച്ച്, കെ.ഇ.ആർ .അദ്ധ്യായം XXIII ചട്ടം 12(8) ചട്ട ഭേദഗതി പ്രകാരം തസ്തിക കുറയ്ക്കേണ്ടതായി വരികയാണെങ്കിൽ, സമന്വയയിൽ തസ്തിക നിർണ്ണയ ഫയൽ മോഡിഫിക്കേഷൻ നടത്തി ഡിവിഷൻ/തസ്തിക കുറവ് വരുത്തി ഉത്തരവ് നൽകേണ്ടതുമാണ്.

(iii)തസ്തിക നിർണയ ഉത്തരവിലെ റിമാർക്സ് പേജിൽ (Appendix ന്റെ 2- പേജ് ഇതിനായി ഉപയോഗിക്കാം) താഴെപറയുന്ന വിവരങ്ങൾ (ബാധകമാണെങ്കിൽ മാത്രം) നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

(a) സ്കൂളിലെ എല്ലാ സംരക്ഷിതജീവനക്കാരുടെയും (അധ്യാപക പാക്കേജുവഴി നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, സ്ഥിരനിയമനത്തീയതി, പുനർവിന്യസിക്കപ്പെട്ട തീയതി, പുനർവിന്യസിക്കപ്പെട്ട സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

(b) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിൽ ഈ വർഷം തിരികെ വിളിക്കപ്പെടുന്നവരുടെ ലിസ്റ്റ്

(c) അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം നൽകി, പൂൾ ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, പൂൾ ചെയ്യപ്പെട്ട തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

(d) ഫുൾ ടൈം ബെനഫിറ്റ് നൽകിയ/ നൽകുന്ന ഭാഷാധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി, ഫുൾടൈം ബനഫിറ്റ് നൽകിയ തീയതി മുതലായവ).

(e) പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അധിക എൽപി.എസ്.ടി.

/യു.പി.എസ്.ടി. തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ (ഇതിനകം ഈ തസ്തികയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ ആളിന്റെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ).

(f) 15.07.2025 മുതൽ തസ്തിക നഷ്ടമായി പുറത്താകുന്നതും സംരക്ഷണത്തിന് അർഹതയില്ലാത്തതുമായ ജീവനക്കാരുടെ ലിസ്റ്റ്.

(g) 15.07.2000 ലെ ജി.ഒ. (എം.എസ്) നമ്പർ 237/2000/പൊ.വി.വ., 15.05.2004 ലെ ജി.ഒ. (എം.എസ്) നമ്പർ 135/04/പൊ.വി.വ. എന്നിവ പ്രകാരം 2001-02 വരെ നിയമിതരായ ഹൈസ്കൂൾ അസിസ്റ്റന്റ്മാർക്ക് (മലയാളം) തസ്തിക അനുവദിക്കുമ്പോൾ സംസ്കൃതം, അറബ്, ഉറുദു തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളെ ഒഴിവാക്കേണ്ടതില്ല സ്കൂളുകളിൽ ഈ ആനുകൂല്യം നൽകി തസ്തിക സംരക്ഷിച്ച നിലനിർത്തിയിട്ടുള്ള അധ്യാപകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്. -

(h) മറ്റു പ്രസക്തമായ വിവരങ്ങൾ.

**(f) <u>അദ്ധ്യാപക ബാങ്ക്</u>**

(i) അദ്ധ്യാപക ബാങ്ക് നവീകരണം സമയ പരിധിക്കകം പൂർത്തീകരിക്കേണ്ടതിനാൽ താഴെ പറയുന്ന സമയക്രമം ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

(1) തസ്തിക നഷ്ടപ്പെടുന്ന സ്കൂളുകളിലെ തസ്തിക നിർണയം പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സംരക്ഷിത ജീവക്കാരുടെ വിവരങ്ങൾ സമന്വയയിലെ അദ്ധ്യാപക ബാങ്കിൽ അപ്ഡേറ്റ് ചെയ്യുന്നതിനുമായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുള്ള അവസാന തീയതി: - <u>05/07/2025</u>

(2) ജില്ലാതല പുനര്വിന്യാസ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള അവസാന തീയതി:- <u>10/07/2025</u>

(3) അന്തർജില്ലാ പുനര്വിന്യാസത്തിനുള്ള ലിസ്റ്റും ഓരോ ജില്ലകളിലെയും സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള ഒഴിവും മറ്റു വിവരങ്ങളും തസ്തിക തിരിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി :- <u>11/07/2025</u>

(4) പുനർവിന്യാസം പ്രാബല്യത്തിൽ വരുന്ന തീയതി:- <u>15/07/2025</u>

{പ്രസ്തുത തീയതിയിൽ തന്നെ പുനർ വിന്യാസം നേടുന്ന ജീവനക്കാരൻ പുനർ വിന്യസിക്കപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശക്കേണ്ടതാണ്. ഇപ്രകാരം പുനർ വിന്യ്സിക്കപ്പെടുന്ന ജീവനക്കാർക്ക് **14/07/2025** വരെ മാതൃസ്കൂളിൽ തുടരുവാൻ തടസമില്ല.)

(5) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പരിശോധിച്ച് പുനർവിന്യാസവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി കൺഫേം ചെയ്യുന്നതിനുള്ള അവസാന തീയതി:- <u>20/07/2025</u>

(ii) 2025-26 വർഷത്തെ അദ്ധ്യാപക ബാങ്ക് സമന്വയ വഴി നവീകരിക്കേണ്ടതാണ്. ജില്ലാ/

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ Teachers Bank എന്ന ഓപ്ഷൻ ലഭ്യമാണ്. ആയതിൽ ക്ലിക്ക് ചെയ്താൽ Create List എന്ന ഓപ്ഷൻ ലഭിക്കും. ഇതിൽ നിന്നുള്ള To be Deployed എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്ത് ലിസ്റ്റ് ക്രിയേറ്റ് ചെയ്താൽ ജില്ലയിലെ/ ഉപജില്ലയിലെ മുഴുവൻ അധിക അദ്ധ്യാപകരുടെയും പേര് വിവരങ്ങള് കാണാന് കഴിയും. ഇതിൽ ആവശ്യമായ മാറ്റങ്ങൾ (കോർപ്പറേറ്റ് മാനേജ്മെന്റ് തെറ്റായി ഉൾപ്പെടുത്തിയത്, സംരക്ഷണാനുകൂല്യം ഇല്ലാത്തത് തുടങ്ങിയവരെയെല്ലാം ഒഴിവാക്കി) പുതിയവ കൂട്ടിചേർത്തും (മാനുവലായി തസ്തിക നിർണയം ചെയ്തതും, വിട്ടുപോയതും മറ്റും) , ലിസ്റ്റ് ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കണ്ഫേം ചെയ്യേണ്ടതാണ്. ഇപ്രകാരം കൺ ഫേം ചെയ്താൽ പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്നതാണ്. ഈ ലിസ്റ്റ് അതതു വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് പുനർ വിന്യാസത്തിന് ആവശ്യമായ വിവരങ്ങൾ ചേർത്ത് (പുനർവിന്യസിച്ച സ്കൂൾ, ഒഴിവിന്റെ വിവരങ്ങൾ മുതലായവ) കൺഫേം ചെയ്താൽ അതത് ജില്ലയുടെ 2025-26 വര്ഷത്തെ അദ്ധ്യാപക ബാങ്ക് പ്രസിദ്ധീകരണ യോഗ്യമാകും.

(iii)വിദ്യാഭ്യാസ ഓഫീസർമാർ സംരക്ഷണാനുകൂല്യമുള്ളവരെ മാത്രമെ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്താവൂ.

(iv)സംരക്ഷണാനുകൂല്യമുള്ള ജീവനക്കാരെ **10/07/2025**-ന് തന്നെ സീനിയോറിറ്റി അടിസ്ഥാനത്തിൽ പുനർവിന്യസിക്കേണ്ടതും, ജില്ലയിൽ പുനർവിന്യസിക്കപ്പെടാൻ കഴിയാത്ത സംരക്ഷിത ജീവനക്കാരെ അന്തർജില്ലാ പുനർവിന്യാസം നടത്തുന്ന വേളയിൽ ജില്ലയിലെ ബന്ധപ്പെട്ട കാറ്റഗറിയിലെ ജൂനിയറെയാണ് അന്തർജില്ലാ പുനർവിന്യാസത്തിന് പരിഗണിക്കേണ്ടത്. ജില്ലയിലെ പുനർവിന്യാസം പൂർത്തിയായതിന് ശേഷം പുനർവിന്യാസം നടത്താൻ കഴിയാത്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങളും, സംരക്ഷിത അദ്ധ്യാപക/ അനധ്യാപക ജീവക്കാരുടെ പുനർവിന്യാസത്തിന് ജില്ലയിൽ ലഭ്യമായ ഒഴിവുകളുടെ വിവരങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് **11/07/2025**-ന് തന്നെ സമർപ്പിക്കേണ്ടതാണ്.

**(g) സംരക്ഷണാനുകൂല്യത്തിന് അർഹരായവർ**

1. 31/03/2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടരുന്ന അദ്ധ്യാപക/ അനദ്ധ്യാപകർ.

2 . അദ്ധ്യാപക പാക്കേജ് വഴി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/ അനദ്ധ്യാപകർ.

3. മുൻകാല സംരക്ഷണ ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും.

4 . അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോഡിനേറ്റർമാരായി നിയമിക്കപ്പെട്ട റീടഞ്ച്ഡ് അദ്ധ്യാപകർ/തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിപ്പിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ.

5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടതും 2011-12 വർഷം രാജി, മരണം, റിട്ടയർമെന്റ്,

പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി.യിൽ 1:30 ഉം യു.പി.യിൽ 1:35 ഉം ഹൈസ്കൂളുകളിൽ 1:45 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമായത് വഴി അംഗീകാരം ലഭിച്ചവരും, 2012-13, 2013-14, 2014-15 വർഷങ്ങളിൽ, 1 മുതൽ 5 വരെ ക്ലാസുകൾക്ക് 1:30; 6 മുതൽ 8 വരെ 1:35; 8,9,10 ക്ലാസുകൾക്ക് 1:45 എന്ന മുറക്ക് നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചവരുമായ അദ്ധ്യാപകർ. (ക്രമ നമ്പർ 1 മുതൽ 5 വരെയുള്ളവ, 29/01/2016 ലെ സ.ഉ(പി) 29/2016/പൊ.വി.വ നമ്പർ പ്രകാരം അനുവദിച്ചത്)

6. 2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് 14/07/2022 ലെ സ.ഉ.(അച്ചടി) 8/2022/പൊ.വി.വ പ്രകാരം 31/03/2021 മുതൽ സംരക്ഷണം നൽകി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം സംരക്ഷണം ലഭിച്ചവരിൽ 05/08/2022-ാം തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെട്ടവർ.

7.26.09.2024 ലെ സർക്കാർ ഉത്തരവ് (കൈ) 120/2024/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം, പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണയം നടത്തുമ്പോൾ, 2015-നു ശേഷം നിയമിതരായി പുറത്താകുന്ന ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപകർ.

(A) ഇപ്രകാരം തസ്തിക നിർണയം നടത്തുമ്പോൾ തസ്തികനഷ്ടപ്പെടുന്നതും സംരക്ഷിത പുനർവിന്യാസത്തിന് അർഹതയുള്ളതുമായ ജീവനക്കാരെ മാതൃജില്ലയിൽ ഒഴിവുള്ള തസ്തികകളിൽ സീനിയോരിറ്റി പ്രകാരം **<u>ജൂലൈ 10</u>** ന് തന്നെ പുനർവിന്യസിക്കേണ്ടതും മാതൃ ജില്ലയിൽ ഒഴിവില്ലാത്ത പക്ഷം പ്രസ്തുത വിവരം **<u>ജൂലൈ 11</u>** ന് തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. പുനർവിന്യാസത്തിന് അർഹതയുള്ള ജീവനക്കാരൻ, കോർപ്പറേറ്റ് മാനേജ്മെന്റിനു പരിധിയിലുള്ളതാവുകയും ടിയാനെ ഉൾക്കൊള്ളുവാൻ പ്രസ്തുത മാനേജ്മെന്റിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ, പുനർവിന്യസിക്കപ്പെടേണ്ടതായി വരുകയും ചെയ്താൽ പ്രസ്തുത വിവരം ജീവനക്കാരൻ നിലവിൽ സേവനത്തിലായിരിക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക്, മാനേജർ, ആയത് സംബന്ധിച്ച്, താഴെപ്പറയുന്ന തരത്തിലുള്ള സത്യ പ്രസ്താവന സഹിതം **<u>ജൂലൈ 05</u> നകം** റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിലെ ജീവനക്കാരെ അതതു ജില്ലകളിൽ പുനർവിന്യസിക്കുവാൻ കഴിയാത്ത പക്ഷം അവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ തന്നെ മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, സമയപരിധിക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്

<u>മാനേജരുടെ സത്യപ്രസ്താവന</u>

തസ്തിക നഷ്ടമായ നിയമനാംഗീകാരമുള്ള ജീവനക്കാരനെ നിലനിർത്താൻ എന്റെ മാനേജ്മെന്റിന്റെ പരിധിയിലുള്ള മറ്റ് സ്കൂളുകളിൽ ഒഴിവുകൾ ഒന്നും തന്നെ ലഭ്യമല്ലെന്നും, പ്രസ്തുത കാറ്റഗറിയിൽ തസ്തിക നഷ്ടമായ ജീവനക്കാരനെക്കാൾ ജൂനിയറോ, നിയമനാംഗീകാരമില്ലാത്തതോ ആയ ആരും തന്നെ എന്റെ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിൽ തുടരുന്നില്ലെന്നും ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

(B) <u>പൊതുനിർദ്ദേശം:-</u>

1. സമന്വയയിൽ അപ്‌ലോഡ് ചെയ്ത രേഖകൾ വീണ്ടും പ്രിന്റ് ഔട്ട് ആവശ്യപ്പെടേണ്ടതില്ല.

അറബിക്, ഉറുദു, സംസ്കൃതം ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ ഭാഷാ പഠനത്തിന് സമ്മതമറിയിച്ചുള്ള പ്രത്യേക ഡിക്ലറേഷൻ ആവശ്യപ്പെടേണ്ടതില്ല. (16/09/1980 ലെ സ.ഉ(കൈ) 132/81/പൊ.വി.വ ).

2. ഭൂരിഭാഗം വിദ്യാഭ്യാസ ഓഫീസർമാരും നിർദ്ദേശിക്കപ്പെട്ടതിൽ നിന്നും വ്യത്യസ്തമായി പലതരത്തിലുള്ള ലിസ്റ്റുകൾ ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടപ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കുറവു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം സമന്വയയിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ലഭ്യമാക്കുന്നതാണ് ഇക്കാര്യത്തിൽ മറ്റ് ലിസ്റ്റുകൾ ആവശ്യപ്പെടേണ്ടതില്ല.

3. സർ ക്കാർ വിദ്യാലയങ്ങളിൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ വിവരം സ്കൂൾ പ്രധാനാദ്ധ്യാപകർ അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ **10/07/2025 നകം** തന്നെ അറിയിക്കേണ്ടതാണ്.

4. സർക്കാർ സ്കൂളുകളിൽ നിന്നും തസ്തിക നഷ്ടപ്പെട്ടു പുറത്താകുന്ന അദ്ധ്യാപകരെ അതേ കാറ്റഗറികളിൽ ഒഴിവു വരുന്ന സ്കൂളുകളിലേക്ക് 11/07/2025-ന് മുമ്പായി ക്രമീകരിക്കേണ്ടതാണ്.

(C) <u>ഫയലുകളുടെ പരിശോധന (10%, 100%)</u>

2025-26 വർഷത്തെ തസ്തിക നിർണ്ണയ ഫയലുകളുടെ പരിശോധന ചട്ടപ്രകാരം നടത്തേണ്ടതാണ്. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായാലുടൻ തന്നെ പരിശോധനക്കായുള്ള ഫയലുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലും ലഭ്യമാകുന്നതാണ്. ആയത് റിപ്പോസിറ്ററിയിൽ നിന്നെടുത്ത് സെക്ഷനുകളിലേക്ക് നൽകി, സമയബന്ധിതമായി പരിശോധന പൂർത്തീകരിക്കേണ്ടതാണ്.

(D) <u>അധിക ഡിവിഷൻ ഉള്ള വിദ്യാലയങ്ങളിലെ രണ്ടാം ഘട്ട പരിശോധന</u>

(i)അധിക ഡിവിഷനുകൾക്കും തസ്തികകൾക്കുമായുള്ള പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായാലുടൻ തന്നെ പ്രൈമറി സ്കൂളുകളുടേത് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഹൈസ്കൂളുകളുടേത് അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അയച്ചു നൽകുന്നതാണ്. ആയതിന്മേൽ ചട്ടപ്രകാരമുള്ള പരിശോധന നടത്തി ഫയലുകൾ സമയബന്ധിതമായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് തന്നെ അയക്കേണ്ടതാണ്.

(ii) തസ്തിക നിർണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടാവുകയാണെങ്കിൽ, അതതു ജില്ലാ നോഡൽ ഓഫീസർമാരെയോ, സമന്വയ സ്റ്റേറ്റ് നോഡൽ ഓഫീസിനെയോ ബന്ധപ്പെട്ട് ഉടൻ പരിഹാരം കാണേണ്ടതാണ്.

**(E) തസ്തിക നിർണയത്തിന് താഴെപ്പറയുന്ന സമയക്രമം കർശനമായും പാലിക്കേണ്ടതാണ്**

(1) സർക്കാർ/ ഡയറക്ടർ തല പ്രത്യക നിർദ്ദേശമോ, ബഹു കോടതി ഉത്തരവുകളോ ഇല്ലാത്ത പക്ഷം ഈ സർക്കുലറിലെ നിർദ്ദേശങ്ങളെല്ലാം തന്നെ വരും വർഷങ്ങളിലേക്കും ബാധകമായിരിക്കും. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ , നിലവിലെ വ്യവസ്ഥകൾക്ക്

കാര്യമായ മാറ്റം ഇല്ലാത്ത പക്ഷം തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പ്രത്യേക സർക്കുലറുകൾ പുറപ്പെടുവിക്കുന്നതല്ല.

(2) ആറാം പ്രവൃത്തി ദിന റിപ്പോർട്ട് സമ്പൂർണ്ണ മുഖേന സമർപ്പിക്കേണ്ട തീയതി- ഓരോ അക്കാദമിക വർഷത്തെയും **ആറാം പ്രവർത്തി ദിനം വൈകുന്നേരം 5 മണിക്കുള്ളിൽ**
(3) പ്രധാനാദ്ധ്യാപകർ സമന്വയ മുഖേന തസ്തിക നിർണ്ണയ അപേക്ഷ സമർപ്പിക്കേണ്ട തീയതി- **ജൂൺ 15** മുതൽ ഓരോ ജില്ലയ്ക്കും അനുവദനീയമായ തീയതികളിൽ

(4) അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയം പൂർത്തീകരിക്കേണ്ട തീയതി - **ജൂലൈ - 15**

(5) വിദ്യാർത്ഥികളുടെ കുറവ് മൂലം തസ്തിക നഷ്ടപ്പെടുമെന്ന് കാണുന്ന വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം നടത്തേണ്ട തീയതി:- **ജൂൺ 30**

(6) തസ്തിക നഷ്ടം മൂലം പുറത്താകുന്നവരുടെയും സംരക്ഷണം നൽകേണ്ടവരുടെയും വിവരങ്ങൾ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ ക്രോഡീകരിച്ച് അതത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് സമന്വയ മുഖേന നൽകേണ്ട തീയതി- **ജൂലൈ 05 നകം**

(7) വിദ്യാഭ്യാസ ഉപ ഡയറക്ടർ തലത്തിൽ പുനർവിന്യാസം നടത്തി ഉത്തരവ് നൽകേണ്ട തീയ്യതി- **ജൂലൈ 10 നകം**

(8) ജില്ലാതലത്തിൽ പുനർവിന്യാസം നടത്താൻ കഴിയാത്തവരുടെ വിവരങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ട തീയതി- **ജൂലൈ 11 നകം**

(9) പൊതു വിദ്യാഭ്യാസ ഡയറക്ടർ പുനർവിന്യാസ ഉത്തരവ് നൽകേണ്ട തീയതി- **ജൂലൈ 13 നകം**

(10) അധിക തസ്തിക പ്രൊപ്പോസലുകളിൽ രണ്ടാം ഘട്ട പരിശോധന പൂർത്തിയാക്കി ഡി.ജി.ഇ ക്ക് റിപ്പോർട്ട് നൽകേണ്ട തീയ്യതി- **ആഗസ്റ്റ്-31**

(11) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അധിക തസ്തിക പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിക്കേണ്ട തീയതി- **സെപ്റ്റമ്പർ 15**

(12) തസ്തിക നിർണ്ണയ ഫയലുകളിൽ 100% പരിശോധന പൂർത്തീകരിക്കേണ്ട തീയതി- **ആഗസ്റ്റ്-31**

(13) തസ്തിക നിർണ്ണയ ഫയലുകളിൽ 10% പരിശോധന പൂർത്തീകരിക്കേണ്ട തീയതി- **സെപ്റ്റംബർ 30**

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും തസ്തികകളും ഡിവിഷനുകളും അനുവദിക്കുന്ന കെ.ഇ.ആർ ചട്ടങ്ങളും സർക്കാർ/ഡയറക്ടർ തല ഉത്തരവുകളും

വ്യക്തതയോടെ ഉൾക്കൊണ്ടുകൊണ്ടുമാകണം 2025-26 മുതൽ എല്ലാ അക്കാദമിക വർഷങ്ങളിലെയും തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഇപ്രകാരം തസ്തിക നിർണയം നടത്തുമ്പോൾ, തൊട്ടു മുൻ അക്കാദമിക വർഷം (previous academic year) **സർക്കാരിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളെ അടിസ്ഥാനമാക്കി വേണം അടുത്ത വർഷം (succeeding academic year) തസ്തിക നിർണയം** നടത്തേണ്ടത്. എല്ലാ അക്കാദമിക വർഷങ്ങളിലെയും തസ്തിക നിർണയം ചട്ടപ്രകാരം **ജൂലൈ 15** മുതൽ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

Signed by
Shanavas S
Date: 09-06-2025 17:54:28
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

(1) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും

( അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

(3) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും

(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

(4) എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകരും

(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

(1) ജോയിന്റ് ഡയറക്ടർ (അക്കാദമിക്),
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു) (സി.എ മുഖാന്തിരം)

(2) സൂപ്രണ്ട്, ആർ. എ സെക്ഷൻ
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്, പൂജപ്പുര ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

## അനുബന്ധം 3

**(അധിക ഡിവിഷൻ/ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്ന ശുപാർശ).**

–

സ്കൂൾ :
സ്കൂൾ കോഡ് :
വിദ്യാഭ്യാസ ജില്ല/ഉപജില്ല :
ജില്ല :
സന്ദർശനം നടത്തിയ തീയ്യതി :

Details of strength as on the day of verification - ......../......./.............(Date)

| ക്രമ നം | ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Strength of Sixth Working Day | | | | | | | | | | | |
| 2 | Re-admitted | | | | | | | | | | | |
| 3 | Present | | | | | | | | | | | |
| 4 | Reckoned for SF | | | | | | | | | | | |
| 5 | Absent | | | | | | | | | | | |
| 6 | Not Reckoned for SF from the absent * | | | | | | | | | | | |
| 7 | Strength for SF 4+ (5-6) | | | | | | | | | | | |

*ഹാജരായതും ഹാജരാകാത്തതും ആയ വിദ്യാർത്ഥികളിൽ തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ക്ലാസ് തലത്തിൽ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**2025-26 വർഷത്തിലേക്കുള്ള അർഹതയുള്ള അധിക ഡിവിഷനുകളുടെ വിവരങ്ങൾ**

| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| അധിക ഡിവിഷൻ | | | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ജനറൽ | | | | | | | | | | | |
| അറബിക് | | | | | | | | | | | |
| സംസ്കൃതം | | | | | | | | | | | |
| ഉറുദു | | | | | | | | | | | |

–

–

**2025-26 വർഷത്തിലേക്കുള്ള അധിക തസ്തികകളുടെ വിവരങ്ങൾ**

| | തസ്തിക കാറ്റഗറി തിരിച്ച് | ടീച്ചിംഗ് /നോൺ ടീച്ചിംഗ് | അധിക തസ്തികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |

....................................................................................................................................സ്കൂളിൽ ........../............/............. തീയ്യതിയിൽ കെ.ഇ.ആർ.അദ്ധ്യായം 23 ചട്ടം 12(4) പ്രകാരം നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ ആറാം പ്രവൃത്തി ദിനത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും ഹാജരും രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് മുകളിൽ കാണിച്ച അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

പരിശോധിച്ച രേഖകൾ

1.

2.

3.

4.

5.

6.

7.

**സന്ദർശന സമയത്ത് വിവരം ശേഖരിക്കുന്നതിനുള്ള മാതൃകാ ഫോറം**

**ഹാജരായ വിദ്യാർത്ഥികളിൽ തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ**

**ക്ലാസ് : ഡിവിഷൻ:**

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമ നം | അഡ്മിഷൻ നം | വിദ്യാർത്ഥിയുടെ പേര് | യു.ഐ.ഡി. നമ്പർ (ഇല്ലാത്ത കേസുകളിൽ ഡിക്ലറേഷൻ എന്ന് രേഖപ്പെടുത്തണം) | ഒന്നാം ഭാഷ* | തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| | | | | | |
| | | | | | |

**ഹാജരാകാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ**

**ക്ലാസ് : ഡിവിഷൻ:**

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമ നം | അഡ്മിഷൻ നം | വിദ്യാർത്ഥിയുടെ പ േര് | യു.ഐ.ഡി. ന മ്പർ (ഇല്ലാത്ത | ഒന്നാം ഭാഷ * | തസ്തികനിർ ണ്ണയത്തിന് | ഇല്ലെങ്കിൽ അതിന്റെ ക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | കേസുകളിൽ ഡിക്ലറേഷൻ എന്ന് രേഖപ്പെടുത്തണം) | | പരിഗണിക്കുന്നുണ്ടോ ഇല്ലയോ | ാരണം |
| | | | | | | |
| | | | | | | |
| | | | | | | |

* എൽ.പി.വിഭാഗത്തിൽ അറബിക് അഡീഷണൽ ഭാഷയായി പഠിക്കുന്നവർക്ക് ഒന്നാം ഭാഷ അറബിക് എന്ന് ചേർക്കണം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- തസ്തിക നിർണ്ണയം 2024-2025- സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.95/2025/GEDN തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. 18.04.2022 തീയതിയിലെ സ.ഉ(പി) 5/2022/പൊ.വി.വ സർക്കാർ ഉത്തരവ്.(S.R.O No.375/2022)
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.03.2025,17.03.2025 തീയതികളിലെ ഡി.ജി.ഇ/7208/2024/എച്2 (Part-1) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് പരാമർശം (1) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പ്രസ്തുത ചട്ട ഭേദഗതിക്കനുസൃതമായി 2024-2025-ലെ അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി സർക്കാർ മേഖലയിലെ 552 സ്കൂളുകളിൽ നിന്നായി 915 അധിക തസ്തികകളും എയ്ഡഡ് മേഖലയിലെ 658 സ്കൂളുകളിൽ നിന്നായി 1304 അധിക തസ്തികകളും (ആകെ 1210 സ്കൂളുകളിൽ നിന്നും 2219 അധ്യാപക അനധ്യാപക അധിക തസ്തികകൾ) 01.10.2024 തീയതി പ്രാബല്യത്തിൽ, അനുവദിക്കാനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2024-2025-ലെ അധിക തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം, സംസ്ഥാനത്തെ സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ മലപ്പുറം ജില്ലയിലൊഴികെയുള്ളവ അംഗീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

3) നിലമ്പൂർ നിയമസഭാമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധിക

തസ്തികകൾ അനുവദിക്കുന്നതും നിയമനങ്ങൾ നടത്തുന്നതും ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി മാത്രമായിരിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

4) താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായാണ് അധിക തസ്തികകൾ അനുവദിക്കേണ്ടത്:

a ) സർക്കാർ സ്കൂളുകളിൽ അധിക തസ്തികകളിൽ തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ പുതിയ നിയമനം നടത്താൻ പാടുള്ളൂ.

b ) എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ

c ) തസ്തികനഷ്ടം സംഭവിച്ച സ്കൂളുകളിൽ ടി തസ്തികയിൽ ആരും തുടരുകയോ ശമ്പളം കൈപ്പറ്റുകയോ ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ ഓഫീസർ/ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

5. മലപ്പുറം ജില്ലയിൽ ഒഴികെ, അധികതസ്തികകൾ അനുവദിക്കുന്ന സ്കൂളുകളിലെ തസ്തികനിർണ്ണയ ഉത്തരവുകൾ ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതത് വിദ്യാഭ്യാസ ഓഫീസർമാർ ചട്ട പ്രകാരം പുതുക്കി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്.
മാനേജർ ,സ്പാർക്.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് (28.5.2025 തീയതിയിലെ ഇനം. നം.2990 പ്രകാരം)
ധനകാര്യ വകുപ്പ് (13.5.2025-E.3094390 /EDN-A3/121/2025-FIN)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫിസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 29-05-2025 12:46:57

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ **2025-2026** അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം നടത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.92/2025/GEDN തീയതി,തിരുവനന്തപുരം, 24-05-2025

---

പരാമർശം:-

1. **18.04.2022** തീയതിയിലെ സ.ഉ (പി) **5/2022**/പൊ.വി.വ സർക്കാർ ഉത്തരവ്.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **14.05.2025** തീയതിയിലെ ഡിജിഇ/**9368/2025**/എച്ച് **2** നമ്പർ കത്ത്.

**ഉത്തരവ്**

കെ.ഇ.ആർ അധ്യായം **XXIII,** ചട്ടം **12**ൽ വരുത്തിയ ഭേദഗതി അനുസരിച്ച് **2025-26** വർഷം തസ്തിക നിർണ്ണയം സമയബന്ധിതമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകാവുന്നതാണെന്നും തസ്തിക നിർണയവുമായി ബന്ധപ്പെട്ട് സർക്കുലറുകൾക്കും ഉത്തരവുകൾക്കും കാത്തു നിൽക്കാതെ, ആറാം പ്രവർത്തി ദിനത്തിലെ വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് **2025-2026** അധ്യയന വർഷം ജൂലൈ മാസം പതിനഞ്ചാം തീയതി പ്രാബല്യത്തിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കുന്നതിനും, ഒക്ടോബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ അധിക തസ്തികകൾ അനുവദിക്കത്തക്ക രീതിയിൽ സമയ ബന്ധിതമായി അധിക തസ്തിക പ്രപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പൊതുവായ നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(2)** പ്രകാരം അറിയിച്ചിട്ടുണ്ട്.

**2)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.ഇ.ആർ അധ്യായം

**XXIII** ചട്ടം **12** അനുസരിച്ച് പാലിക്കേണ്ടതായ സമയപരിധി പാലിച്ചുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾക്കും, തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ കോടതി നിർദേശങ്ങൾ ഉണ്ടെങ്കിൽ ആയതിനു അനുസൃതമായും **2025-26** അധ്യയന വർഷത്തിലും വരും വർഷങ്ങളിലും, സർക്കാർ ഉത്തരവിനു കാത്തുനിൽക്കാതെ, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ, തസ്തികനിർണ്ണയ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്നു പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നിർദേശം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**3 )** കെ.ഇ.ആർ അധ്യായം **XXIII** ചട്ടം **12 (5)** പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കേണ്ടതാണ്.

**4) 2024-25** വർഷം എച്ച്.എസ്.ടി ഇംഗ്ളീഷിന് പീരീയഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തിയ രീതിയിൽ തന്നെ **2025-26** വർഷവും തസ്തികനിർണ്ണയം നടത്തുവാൻ നിർദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് കേരളം,തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&.ഇ) കേരളം,തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 24-05-2025 17:15:10

"ഭരണഭാഷ - മാതൃഭാഷ"

നം:-ഡി ജി ഇ /9368/2025(1)-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി : 14-05-2025

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം-തസ്തികനിർണയം-2025-2026- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ 2025-2026 അക്കാദമിക വർഷത്തെ ആറാം പ്രവൃത്തി ദിന വിവരങ്ങൾ സമ്പൂർണ്ണയിൽ കൃത്യതയോടെ രേഖപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. 18/04/2022 ലെ സ.ഉ(അ.) 5/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള എസ്.ആർ.ഒ 375/2022 നമ്പർ കെ.ഇ.ആർ ഭേദഗതി
2. കെ.ഇ.ആർ അദ്ധ്യായം XXIII. ചട്ടം 12 ൽ വരുത്തിയ ഭേദഗതി
3. 30/12/2016 ലെ 792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. 28/05/2022 ലെ സ.ഉ(കൈ)114/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്

പുതുക്കിയ ആറാം പ്രവൃത്തി ദിന ഫോർമാറ്റ് പ്രകാരവും പൂർണമായും കുട്ടികളുടെ UID അടിസ്ഥാനമാക്കി മാത്രമുള്ളതുമായ തസ്തിക നിർണയം ആണ് 2024-25 വർഷത്തിൽ നടത്തിയിട്ടുള്ളത്. ഇതേ പ്രകാരത്തിൽ 2025-26 വർഷത്തിലും തസ്തിക നിർണയം കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. 2025-26 വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട്, **ആറാം പ്രവൃത്തി ദിന വിവരങ്ങൾ** സമ്പൂർണയിൽ വളരെ **കൃത്യതയോടെ രേഖപ്പെടുത്തുന്നതിന്** താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ ബന്ധപ്പെട്ട പ്രധാനാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുന്നു. പ്രസ്തുത നിർദേശങ്ങൾ **കർശനമായും പാലിച്ചു കൊണ്ട്** മാത്രമെ സമ്പൂർണ്ണയിൽ വിവരങ്ങൾ രേഖപ്പെടുത്താവൂ എന്നറിയിക്കുന്നു. കൂടാതെ, **സമ്പൂർണയിലെ ആറാം പ്രവൃത്തി ദിന റിപ്പോർട്ടിലെ വിവരങ്ങൾ അതെ രീതിയിൽ തന്നെ സമന്വയയിലേക്ക് സിംക്രണൈസ് ചെയ്യപ്പെടും** എന്നതിനാൽ തന്നെ വിവരങ്ങളുടെ ആധികാരികത അതതു പ്രഥമാധ്യാപകർ **UID വാലിഡേഷൻ** ലിങ്ക് മുഖേന പരിശോധിച്ച്, കുട്ടികളുടെ UID വാലിഡ് ആണോ എന്നത് ഉറപ്പു വരുത്തിയ ശേഷം മാത്രം **സമ്പൂർണ മുഖേന ആറാം പ്രവൃത്തി ദിന റിപ്പോർട്ട് സബ്മിറ്റ്** ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

(1) 2025-26 വർഷത്തിലും മുൻ വർഷത്തിലേതു പോലെ UID അധിഷ്ഠിത തസ്തിക നിർണയമാണ് കെ.ഇ.ആർ അധ്യായം XXIII, ചട്ടം 12 ൽ വരുത്തിയ ഭേദഗതി പ്രകാരം നടത്തേണ്ടത് എന്നതിനാൽ, UID ഇല്ലാത്തതോ/UID ഇൻവാലിഡ്

ആയതോ ആയ കുട്ടികൾ ഉണ്ടെങ്കിൽ, അത്തരം കട്ടികൾക്ക് ആറാം പ്രവൃത്തിദിനത്തിനുള്ളിൽ തന്നെ UID/വാലിഡ് UID ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്. ആറാം പ്രവർത്തി ദിനത്തിൽ വാലിഡ് UID സമ്പൂർണ്ണയിൽ ചേർത്തിട്ടില്ലായെങ്കിൽ അങ്ങനെയുള്ള കുട്ടികളുടെ എണ്ണം തസ്തികനിർണയത്തിനു വേണ്ടി പരിഗണിക്കപ്പെടുകയില്ല എന്ന വിവരം ആദ്യമെ തന്നെ എല്ലാ മാനേജർമാരെയും പ്രധാനാധ്യാപകരെയും അറിയിക്കുന്നു. തസ്തിക നിർണയത്തിനു UID നിർബന്ധമായും ആവശ്യമായതിനാൽ, UID ഇല്ലാത്തതോ UID ഇൻവാലിഡ് ആയതോ ആയ കുട്ടികളുടെ UID കൾ **നിശ്ചയിക്കപ്പെട്ട ദിവസത്തിനു ശേഷം വാലിഡേറ്റ്** ചെയ്താൽ , **അത് പരിഗണിച്ച് തസ്തിക നിർണയം നടത്തുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല** എന്ന വിവരവും അറിയിക്കുന്നു.

(2) 2024-25 അധ്യയന വർഷത്തിൽ സമന്വയ മുഖേന തസ്തികനിർണയം നടത്തിയതുപോലെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടെയും 2025--26 വർഷത്തെ തസ്തികനിർണയവും സമന്വയ ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ തന്നെയാണ് നടത്തുന്നത്. **പൂർണമായും വാലിഡ് UID ഉള്ള കുട്ടികളെ മാത്രമെ തസ്തിക നിർണയത്തിന്** പരിഗണിക്കേണ്ടതുള്ളൂ, തസ്തിക നിർണ്ണയം സംബന്ധിച്ച് വിശദമായ പരിശോധനകൾ വിവിധ തലങ്ങളിൽ നടത്തുമെന്നതിനാൽ **ആറാം പ്രവൃത്തിദിനത്തിൽ റോളിലുള്ള എല്ലാ കട്ടികൾക്കും UID** യഥാസമയം ലഭ്യമാക്കുന്നതിന് പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, ***UID ഇല്ലാത്തതിന്റെ പേരിൽ ഒരു കുട്ടിക്കും അവർക്ക് അവകാശപ്പെട്ട സ്കൂൾ പ്രവേശനമോ, അർഹതപ്പെട്ട ആനുകൂല്യങ്ങളോ (സ്കോളർഷിപ്പ്, യൂണിഫോം, ഉച്ച ഭക്ഷണം, സാമ്പത്തികമായതോ, അല്ലാത്തതോ ആയ മറ്റു ആനുകൂല്യങ്ങൾ മുതലായവ) നിഷേധിക്കരുത്.***

(3) സമ്പൂർണ്ണയിലെ ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ വിവരങ്ങളാണ് തസ്തികനിർണ്ണയത്തിന് പരിഗണിക്കപ്പെടുന്നത് എന്നതിനാൽ, ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും **ആറാം പ്രവർത്തിദിനത്തിനു മുൻപ് തന്നെ സമ്പൂർണ പോർട്ടലിൽ, യാതൊരുവിധ അപാകതകളും** കൂടാതെ വളരെ കൃത്യതയോടെ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(4) ആറാം പ്രവൃത്തി ദിനമായ **10/06/2025 ന് വൈകുന്നേരം 5 മണിവരെ** സമ്പൂർണ്ണയിൽ എൻട്രി ചെയ്യപ്പെടുന്ന **ഡാറ്റ ഫ്രീസ്** ചെയ്യുന്നതും ഇപ്രകാരം സമ്പൂർണയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ സമന്വയയിലേക്ക് സിങ്ക് ചെയ്യപ്പെടുകയുമാണ് എന്നതിനാൽ ആയതിനുശേഷം സമ്പൂർണ്ണയിലെ

വിവരങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ സമന്വയ-യിലേക്ക് സിങ്ക് ചെയ്യപ്പെടുകയോ, തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടുകയോ ചെയ്യുന്നതല്ല എന്ന വിവരം വീണ്ടും ഓർമ്മപ്പെടുത്തുന്നു. കൂടാതെ, **2025-26** വർഷം മുതൽ എസ്. ആർ. ഒ 375/2022 നമ്പർ കെ.ഇ.ആർ ഭേദഗതി പ്രകാരം, **തസ്തിക നിർണയ പ്രവർത്തനം ജൂലായ് 15 പ്രാബല്യത്തിൽ** തന്നെ സംസ്ഥാനതലത്തിൽ പൂർത്തീകരിക്കുന്നതാണ്. തസ്തിക നിർണയ നടപടികൾക്കൊപ്പം തന്നെ സംരക്ഷണത്തിന് അർഹതയുള്ളവരുടെ പുനർവിന്യാസവും സംരക്ഷണത്തിനു അർഹതയില്ലാത്തവരുടെ റീട്രഞ്ച്മെന്റും പൂർത്തിയാക്കേണ്ടതുണ്ട്.

(5) ലോവർ പ്രൈമറി തലത്തിൽ **അധികഭാഷ (അറബിക്/കൊങ്കിണി)** പഠിക്കുന്ന കുട്ടികളുടെ കാര്യത്തിലും മറ്റ് ക്ലാസ്സുകളിൽ **പാർട്ട് ഒന്ന്, രണ്ട്- മലയാളം, അറബിക്, സംസ്കൃതം, ഉറുദു, തമിഴ്, കന്നട, ഗുജറാത്തി** എന്നിവ പഠിക്കുന്ന കുട്ടികളുടെ കാര്യത്തിലും പഠിക്കുന്ന ഭാഷ സംബന്ധിച്ച വിവരം കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. പിന്നീടുള്ള മാറ്റങ്ങൾ പരിഗണിക്കപ്പെടുന്നതല്ല. **തെറ്റായതോ, അപൂർണ്ണമായതോ ആയ വിവരങ്ങൾ നൽകിയതു മൂലം ഡിവിഷൻ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതതു പ്രഥമാദ്ധ്യാപകർക്ക്** മാത്രമായിരിക്കും. മേൽ പ്രകാരമുള്ള പിഴവുകൾ വരുത്തുന്ന പ്രഥമാധ്യാപകർക്ക് എതിരെ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്.

(6) സമ്പൂർണ്ണയിലെ ഡാഷ് ബോർഡിൽ കാണുന്ന വിവരങ്ങൾ **UID വാലിഡേഷൻ** ലിങ്ക് മുഖേന ആറാം സാധ്യായ ദിനത്തിലും പരിശോധിച്ച്, UID വിവരങ്ങൾ വാലിഡേറ്റ് ചെയ്യേണ്ടതും **ഇൻവാലിഡേറ്റഡ് ഡാറ്റയുണ്ടെങ്കിൽ,** പ്രസ്തുത വിവരങ്ങൾ **കൃത്യമാക്കുവാൻ** പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

(7) ഏതെങ്കിലും വിദ്യാർത്ഥിയുടെ UID വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ, **മറ്റൊരു സ്കൂളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണപ്പെടുകയും** എന്നാൽ, പ്രസ്തുത വിദ്യാർത്ഥി **ആ സ്കൂളിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെടാതിരിക്കുകയും** ചെയ്യുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട പ്രഥമാധ്യാപകർ ഈ വിവരം അറിയിച്ചു കൊണ്ട് **അതതു വിദ്യാഭ്യാസ ഓഫീസർമാർക്ക് അപേക്ഷ നൽകി** പ്രസ്തുത വിഷയം പരിഹരിക്കേണ്ടതുമാണ്.

(8) വിദ്യാർത്ഥികളുടെ **വിടുതൽ സർട്ടിഫിക്കറ്റ് (T.C) രക്ഷാകർത്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക്** ആയതു ഉടൻ തന്നെ അനുവദിക്കേണ്ടതും UID ഉൾ പ്പെടെയുള്ള **സമ്പൂർണ്ണയിലെ വിവരങ്ങൾ പുതിയ സ്ക്കൂളിലേക്ക്** മാറ്റി

നൽകേണ്ടതുമാണ്. ഇപ്രകാരം നടപടി സ്വീകരിക്കാത്ത പക്ഷം മറ്റൊരറിയിപ്പു കൂടാതെ തന്നെ **ബന്ധപ്പെട്ട പ്രഥമാധ്യാപകനെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ** വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

(9) സമ്പൂർണ്ണയിലെ ഡാഷ് ബോർഡിൽ ഡാറ്റാ കളക്ഷൻ എന്ന മെനുവിൽ എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിരിക്കണം. നിലവിൽ സ്കൂളിൽ ഇല്ലാത്ത ജീവനക്കാരെ നീക്കം ചെയ്യേണ്ടതും പുതുതായി ചേർക്കേണ്ട ജീവനക്കാരെ ചേർക്കേണ്ടതുമാണ്. രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത ചുമതലപ്പെട്ടവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(10) നിലവിൽ ആറാം പ്രവൃത്തിദിന ഫോർമാറ്റിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾക്ക് അനുസരിച്ചുള്ള പുതിയ ഫോർമാറ്റിലാണ് ആറാം പ്രവൃത്തി ദിന റിപ്പോർട്ട് ലഭ്യമാകുന്നത്.

**(11) കെ.ഇ.ആർ അദ്ധ്യായം IV, ചട്ടം 8 പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ മേയ് 15 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്.** പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളും **2025-26 അക്കാദമിക വർഷം സ്കൂൾ തുറക്കുന്നതിനു മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും** പരാമർശം (3) സർക്കുലർ പ്രകാരം വാങ്ങി സൂക്ഷിക്കേണ്ടതാണ്. മതിയായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഏതെങ്കിലും സ്കൂൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയാൽ, ഗുരുതര വീഴ്ചയായി കണക്കാക്കി ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(12) **ആസ്ബസ്റ്റോസ്, ടിൻ, അലൂമിനിയം ഷീറ്റ് മേഞ്ഞ സ്കൂൾ കെട്ടിടങ്ങൾക്ക് പരാമർശം (4) സർക്കാർ ഉത്തരവിലെ നിർദേശ പ്രകാരം സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്** എന്ന് അതതു പ്രധാനാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

മേൽ പ്രകാരമുള്ള നിർദേശങ്ങൾ അടങ്ങിയ സർക്കുലർ എല്ലാ മാനേജർമാർക്കും പ്രഥമാധ്യാപകർക്കും അതതു വിദ്യാഭ്യാസ ഓഫീസർമാർ ലഭ്യമാക്കേണ്ടതും ആയതു ലഭ്യമായിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ, ഈ സർക്കുലറിലെ നിർദേശങ്ങൾ കർശനമായും നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും പ്രഥമാധ്യാപക യോഗങ്ങൾ

വഴി അറിയിപ്പ് നൽകേണ്ടതുമാണ്.

Signed by
Shanavas S
Date: 14-05-2025 15:04:29
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും
(ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.)

പകർപ്പ്:

1. എല്ലാ മാനേജർമാർക്കും
(ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
**(ഈ സർക്കുലറിന്റെ പകർപ്പ് എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ മാനേജർമാർക്കും പ്രഥമാധ്യാപകർക്കും നൽകേണ്ടതും പ്രഥമാധ്യാപക യോഗങ്ങൾ മുഖേന വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി, സമ്പൂർണയിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ കൃത്യതയാർന്നവ ആണെന്ന് ഉറപ്പ് വരുത്തി മാത്രമേ 6-ാം പ്രവർത്തിദിനം വൈകുന്നേരം 5 മണിക്കുള്ളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് 6-ാം പ്രവർത്തിദിന വിവരങ്ങൾ സമ്പൂർണ മുഖേന സമർപ്പിക്കാവൂ എന്നും പ്രസ്തുത സമയം കഴിഞ്ഞതിനു ശേഷമുള്ള തിരുത്തലുകൾ സമന്വയ മുഖേനയുള്ള തസ്തിക നിർണയത്തിന് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നും ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകേണ്ടതുമാണ്.**)
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര
(അറിവിലേക്കും തുടർ നടപടികൾക്കും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നൽകുന്നു)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ ഇംഗ്ലീഷിനെ ഭാഷയായി പരിഗണിച്ച് പീരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.120/2024/GEDN    തീയതി,തിരുവനന്തപുരം, 26-09-2024

---

പരാമർശം:-

1. 09/05/2024 ലെ സ.ഉ.(കൈ) 46/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 05/07/2024 ലെ സ.ഉ.(കൈ) 78/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18-07-2024 ലെ ഡി.ജി.ഇ/ 9011/2021/എച്ച്2 നമ്പർ കത്ത്.
4. 11-09-2024 തീയതിയിൽ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈ സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

2. പരാമർശം (2) ഉത്തരവ് പ്രകാരം, ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 23159/2018 ഹർജിയിൽ 10-08-2021 ന്റെ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ, ഇംഗ്ലീഷ്

വിഷയത്തിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി ആവശ്യമായി വരുന്ന അധിക എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിയിരുന്നു.

3. മേൽ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് , ഈ വിഷയത്തിൽ ബഹു ഹൈകോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഹർജികളിലെ അന്തിമ വിധിയ്ക്ക് വിധേയമായി, ചുവടെ പറയുന്ന തുടർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു :

a) പരാമർശം (2) ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII ചട്ടം 6 D യിലെ പിരീഡ് വിതരണ പട്ടിക അനുസരിച്ച് താഴെ പറയും പ്രകാരം ഹൈസ്കൂളുകളിൽ പീരീഡ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് തസ്തികകൾ അനുവദിക്കേണ്ടതാണ് :

| Standard | VII | IX | X |
|---|---|---|---|
| ഇംഗ്ലീഷ് പിരീഡിന്റെ എണ്ണം | 5 | 5 | 5 |

**05 and above but below 15 - 1 part time (max. 14 periods).**

**15 and above but below 30 - 1 Full time. (max. 29 periods).**

**30 and above but below 55 - 2 Full time. (29+25 periods max).**

**55 and above but below 80 - 3 Full time. (54+25 periods and so on).**

b) 2024-2025 അധ്യയന വർഷത്തിൽ കോർ വിഷയങ്ങൾക്ക് നിലവിലുള്ള ചട്ട പ്രകാരം തന്നെ (ഡിവിഷൻ അടിസ്ഥാനത്തിൽ) തസ്തികനിർണ്ണയം നടത്തേണ്ടതാണ്. ഇംഗ്ളീഷ് ഉൾപ്പെടെയുള്ള കോർവിഷയങ്ങളിൽ നിലവിലുള്ള രീതിയിൽ ഡിവിഷൻ അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തിയാൽ ലഭ്യമാകുന്ന തസ്തികകൾ മാത്രമേ ഇംഗ്ളീഷൊഴികെയുള്ള കോർ വിഷയങ്ങൾക്ക് അനുവദിക്കേണ്ടതുള്ളൂ.

c) 2024-2025 അധ്യയന വർഷത്തിൽ ഇംഗ്ളീഷിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ, നേരത്തേ നിലനിന്നിരുന്ന രീതിയിലും പീരിഡ് അടിസ്ഥാനത്തിലും നിലനിൽക്കുന്ന/അനുവദനീയമായ തസ്തികകളെ സ്ഥിരം തസ്തികകളായും നേരത്തേ നിലനിന്നിരുന്ന രീതിയിൽ അനുവദനീയമല്ലാത്തതും പീരിഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ അനുവദിക്കാൻ കഴിയുന്നതുമായ തസ്തികകളെയും നേരത്തേ നിലനിന്നിരുന്ന രീതിയിലും പീരിഡ്

അടിസ്ഥാനത്തിലും തസ്തികനിർണ്ണയം നടത്തിയാൽ മുൻവർഷത്തേക്കാൾ അധികമായി അനുവദിക്കാൻ കഴിയുന്ന തസ്തികകളെയും താത്കാലിക അധിക തസ്തികകളായും കണക്കാക്കേണ്ടതാണ്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഡിവിഷനുകൾ വർദ്ധിച്ചതു കാരണം മുൻവർഷത്തേക്കാൾ അധികം തസ്തിക അനുവദിക്കേണ്ടി വരുന്ന സാഹചര്യത്തിൽ കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 പ്രകാരമുള്ള പരിശോധനകളെല്ലാം തന്നെ നടത്തേണ്ടതാണ്. പീരിഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുന്ന കാരണത്താൽ മാത്രമാണ് അധികതസ്തിക വരുന്നതെങ്കിൽ മേൽ പരാമർശിച്ച പ്രകാരമുള്ള പരിശോധന ആവശ്യമില്ല.

d) 2024-2025 അധ്യയന വർഷത്തിൽ ഇംഗ്ലീഷിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ തസ്തിക നഷ്ടം വരുന്നവരെ ഒഴിവുള്ള സ്ഥിരം തസ്തികകളിൽ ക്രമീകരിക്കുവാനും, സ്ഥിരം തസ്തികയിൽ ഇപ്രകാരം ക്രമീകരിച്ച ശേഷവും സ്ഥിരം തസ്തികയിൽ ഒഴിവുള്ള പക്ഷം ആയത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും, സ്ഥിരം തസ്തികകളിൽ ക്രമീകരിക്കാൻ കഴിയാത്ത അധ്യാപകരെ താൽക്കാലിക തസ്തികകളിൽ നിലനിർത്തുവാനും, ശേഷമുള്ള ഒഴിവുകളിൽ താല്കാലിക ദിവസ വേതന നിയമനം നടത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

e) 2024-2025 അധ്യയന വർഷത്തിൽ ഇംഗ്ലീഷിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ തസ്തിക നഷ്ടം വരുന്നവരെ ഒരേ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിലെ സ്ഥിരം ഒഴിവുകളിൽ സീനിയോറിറ്റി അനുസരിച്ചും, ശേഷിക്കുന്നവരെ താൽക്കാലിക ഒഴിവിലും ക്രമീകരിക്കേണ്ടതാണ്. തുടർന്നും ഒഴിവുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള അവകാശികളെ നിയമിക്കേണ്ടതാണ്.കോർപ്പറേറ്റ് മാനേജ്മെന്റിൽ നിന്നും വ്യക്തിഗത മാനേജ്മെന്റിൽ നിന്നും നിലവിലെ രീതിയനുസരിച്ച് അംഗീകൃത തസ്തികകളിൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്തിരുന്ന എച്ച്.എസ്.എ ഇംഗ്ലീഷ് അധ്യാപകർക്ക്, പിരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ തസ്തിക നഷ്ടം സംഭവിക്കുന്ന കാരണത്താൽ പ്രസ്തുത വിഭാഗത്തിൽപെട്ടവരെ, അവർ 2015നു ശേഷം നിയമിതരായവരാണെങ്കിൽ കൂടി പുനർവിന്യസിക്കുന്നതിനായി സംരക്ഷണം അനുവദിച്ചുകൊണ്ട് (ഭിന്നശേഷിസംവരണം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിധേയമായി) മറ്റ് മാനേജ്മെന്റുകളിൽ ചട്ടപ്രകാരം നിയമിക്കേണ്ട ഒഴിവുള്ള ഇംഗ്ലീഷ് തസ്തികകളിലും പീരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുമ്പോൾ അനുവദിക്കുന്ന അധിക ഇംഗ്ലീഷ് തസ്തികകളിലും കെ.ഇ.ആർ അധ്യായം XXI ചട്ടം 7 പ്രകാരം പുനർവിന്യസിക്കേണ്ടതാണ്. ശേഷമുള്ള ഒഴിവുകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(8) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രം

താല്കാലിക ദിവസ വേതന നിയമനം നടത്താവുന്നതാണ്.

f) മേൽ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് 31/10/2024 വരെ സമയം ദീർഘിപ്പിച്ചു നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 27-09-2024 10:56:53

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-ഡി.ജി.ഇ/9011/2021-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **03-10-2024**

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം -സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈ സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തിൽ, ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ച് പീരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണയം നടത്തുന്നതിനുള്ള 26/09/2024 ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ആവശ്യമായ മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. 26/09/2024 ലെ സ.ഉ.(കൈ)/120/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 29/07/2024 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/7208/2024-എച്ച് 2 നമ്പർ കത്ത്
3. 20/07/2024 ലെ ജെ ആർ 1/367/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്
4. 05/07/2024 ലെ സ.ഉ.(കൈ)/78/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. 30/05/2024 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/7208/ 2024-എച്ച് 2 നമ്പർ സർക്കുലർ
6. 09/05/2024 ലെ സ.ഉ.(കൈ)/46/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

****

പരാമർശം (5), (6) എന്നിവ പ്രകാരം, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 2024-25 അധ്യയന വർഷത്തിൽ തസ്തിക നിർണയം നടത്തുന്നതിനും, ബഹു. കേരള ഹൈക്കോടതിയുടെ 10/08/2021 ലെ ഡബ്ല്യു.പി.(സി) 23159/201 8 വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ച്, പീരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണയം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പരാമർശം (1), (4) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം തസ്തികനിർണ്ണയ നടപടികൾ സംസ്ഥാനതലത്തിൽ പൂർത്തിയാക്കുന്നതിന് 31/10/2024 വരെയാണ് സമയം അനുവദിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് 2024-25 അധ്യയന വർഷത്തെ തസ്തിക നിർണയ നടപടികൾ പൂർത്തീകരിച്ച്, പുതുക്കിയ തസ്തിക നിർണയ ഉത്തരവുകൾ ചുവടെ ചേർക്കുന്ന നിർദേശങ്ങൾക്കനുസൃതമായി **വിദ്യാഭ്യാസജില്ലാ തലങ്ങളിൽ 15/10/2024 നകം** പുറപ്പെടുവിക്കേണ്ടതാണ്. തസ്തിക ഇല്ലാതാകുന്നവരെ 31/10/2024നകം വിടുതൽ ചെയ്യേണ്ടതുമാണ്.

2) നിലവിലെ രീതി പ്രകാരവും (കോർ വിഷയാടിസ്ഥാനത്തിൽ) പീരീഡ് അടിസ്ഥാനത്തിലും



File No. DGE/9011/2021-H2 (Computer No. 127722)
Generated from eOffice by VINUKUMAR R, H2 DGE, H2 DGE, DIRECTORATE OF GENERAL EDUCATION on 30/03/2025 10:55 PM

തസ്തിക നിർണയം നടത്തുമ്പോൾ, ഇതിനോടകം പുറപ്പെടുവിച്ച 2024-25 ലെ തസ്തികനിർണ്ണയ ഉത്തരവിൽ വ്യത്യാസം വരുന്നില്ലെങ്കിൽ പുതിയ തസ്തിക നിർണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് നിർബന്ധമല്ല. കൂടാതെ, ഇതേ വിഷയത്തിൽ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള ഹർജികളിലെ അന്തിമ വിധിക്ക് വിധേയമായി, മേൽ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികകൾ പീരീഡ് അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനായി നടത്തേണ്ട തസ്തിക നിർണയം, തസ്തിക നഷ്ടപ്പെട്ട് പുറത്തു പോകേണ്ടതായി വരുന്ന അധ്യാപകരുടെ ക്രമീകരണം/ പുനർവിന്യാസം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നിർദേശവും നൽകുന്നു.

3 ) പരാമർശം (1) ഉത്തരവിലെ നിർദേശം 3(a) ൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിൽ സ്റ്റാൻഡേർഡ് **VII എന്നത് VIII** എന്ന് തിരുത്തി വായിക്കേണ്ടതാണ്. ഇപ്രകാരം തിരുത്തൽ വരുത്തിയ പട്ടിക ചുവടെ കൊടുക്കുന്നു.

| സ്റ്റാൻഡേർഡ് | VIII | IX | X |
|---|---|---|---|
| ഇംഗ്ലീഷ് പീരീഡിന്റെ എണ്ണം | 5 | 5 | 5 |

8, 9, 10 ക്ലാസ്സുകളിൽ 5 വീതം പീരിഡുകൾ ഇംഗ്ലീഷ് വിഷയത്തിന് കണക്കാക്കി കെഇആർ അധ്യായം XXIII ചട്ടം 6 D യിൽ മലയാളത്തിനു നൽകപ്പെടുന്ന രീതിയിൽ തസ്തിക അനുവദിക്കേണ്ടതാണ്.

(4) പരാമർശം (1), (4) എന്നിവ പ്രകാരം, എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ന് പീരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണയം നടത്തുമ്പോൾ, തസ്തിക നഷ്ടപ്പെടുന്ന എച്ച് എസ് റ്റി (ഇംഗ്ലീഷ്) അധ്യാപകരുടെ പേര് വിവരം, പുനർവിന്യാസത്തിനുള്ള അർഹത വ്യക്തമാക്കി, **17/10/2024 നകം** തന്നെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, മാതൃജില്ലയിലെ പുനർവിന്യാസത്തിനായി /ക്രമീകരണത്തിനായി അതതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് കൈമാറേണ്ടതും പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(d), (e) പ്രകാരം, അവരെ, അതതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ **2024 നവമ്പർ 01 പ്രാബല്യത്തിൽ, സീനിയോറിറ്റി അടിസ്ഥാനത്തിൽ** പുനർവിന്യസിച്ച്/ക്രമീകരിച്ച് **ഒക്ടോബർ 25 നകം** ഉത്തരവാക്കേണ്ടതുമാണ്. മാതൃ ജില്ലയിൽ ഒഴിവില്ലാത്ത പക്ഷം, പ്രസ്തുത വിവരം **2024 ഒക്ടോബർ 25 ന് തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ** പൊതു വിദ്യാഭ്യാസ ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(5) പീരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുന്നു എന്ന കാരണത്താൽ തസ്തികനഷ്ടം സംഭവിക്കുന്ന ഇംഗ്ലീഷ് അധ്യാപകർക്ക് മാത്രമാണ്, 31/3/2015ന് ശേഷം നിയമിതരായവരെങ്കിൽ കൂടി, പുനർവിന്യാസത്തിനുള്ള സംരക്ഷണം (ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി) അനുവദിച്ചിരിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഇംഗ്ലീഷ് തസ്തിക നഷ്ടമാവുന്നത് മൂലമോ പീരീഡ് അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുന്നത് ഒഴികെയുള്ള കാരണത്താലോ തസ്തിക ഇല്ലാതായാൽ ഇപ്രകാരമുള്ളവർക്ക് പുനർവിന്യാസത്തിനുള്ള സംരക്ഷണം അർഹമാവില്ല. ഭിന്നശേഷി സംവരണ വിഷയം കാരണം നിലവിൽ പ്രൊവിഷണൽ അംഗീകാരമുള്ള ഇംഗ്ലീഷ് അധ്യാപകരിൽ അർഹതയുള്ളവർക്ക് പ്രൊവിഷണൽ

വ്യവസ്ഥയിലായിരിക്കും പുനർവിന്യാസവും നൽകുന്നത്. 31/03/2015 ന് മുൻപ് നിയമിതരായി റഗുലർ അംഗീകാരമുള്ള എല്ലാ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും തസ്തിക നഷ്ടമായാൽ പുനർവിന്യാസത്തിനുള്ള സംരക്ഷണത്തിന് അർഹതയുണ്ട്.

(6) കോർപ്പറേറ്റ് മാനേജ്മെന്റിന് പരിധിയിലുള്ള ഇംഗ്ലീഷ് അധ്യാപകരെ ഉൾക്കൊള്ളുവാൻ ആവശ്യമായ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികകൾ ടി മാനേജ്മെന്റിൽ ലഭ്യമല്ലാത്തതിനാൽ പുനർവിന്യസിക്കപ്പെടേണ്ടതായി വന്നാൽ, പുറത്താകുന്ന അധ്യാപകർ നിലവിൽ സേവനത്തിലിരിക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് മുൻപാകെ **മാനേജർ, 2024 ഒക്ടോബർ 21 നകം** റിപ്പോർട്ട് ചെയ്യേണ്ടതും ആവശ്യമായ സത്യപ്രസ്താവന നൽകേണ്ടതുമാണ്. പുറത്താകുന്ന എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അധ്യാപകരെ മാതൃ ജില്ലയിൽ പുനർവിന്യസിക്കുവാൻ /ക്രമീകരിക്കുവാൻ കഴിയാത്ത പക്ഷം , ടി അധ്യാപകരുടെ പേരു വിവരങ്ങൾ അതതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ തന്നെ ബന്ധപ്പെട്ട മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, **ഒക്ടോബർ 25 നകം** പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

(7) മേൽ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി, 05/**11/2024 നകം** തന്നെ സമന്വയയിൽ ലഭ്യമാക്കിയിട്ടുള്ള അധ്യാപക ബാങ്ക് പരിഷ്കരിക്കേണ്ടതാണ്.

Signed by
Shanavas S
Date: 03-10-2024 00:37:08

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം:-

പരാമർശം(1) സർക്കാർ ഉത്തരവ്

സ്വീകർത്താവ്:-

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
(2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
(3) എല്ലാ മാനേജർമാരും

(ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന, അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്, പൂജപ്പുര
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

"ഭരണഭാഷ മാതൃഭാഷ"

നം.എച്ച്2/5594/2022/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 21/12/2022.
e-mail : supdth.dge@kerala.gov.in

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം-സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം-2022-23-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1) 29.01.2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ.
2) 03.12.2016-ലെ സ.ഉ.(പി)നം.199/2016/പൊ.വി.വ.
3) 05.08.2016-ലെ സ.ഉ.(പി) നം.134/2016/പൊ.വി.വ.
4) 28.02.2019-ലെ സ.ഉ.(പി) നം.3/2019/പൊ.വി.വ.
5) 18.04.2022-ലെ സ.ഉ.(പി)നം.5/2022/പൊ.വി.വ.
6) 06/04/2022-ലെ സർക്കാർ കത്ത് നമ്പർ.എസ്.സി.2/131/2020/പൊ.വി.വ.
7) 14/07/2022-ലെ സ.ഉ.(പി) നം.8/2022/പൊ.വി.വ.
8) 12.08.2022, 09/12/2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ.
9) സ.ഉ.(പി) നം.220/2022/പൊ.വി.വ. തീയതി. 02.12.2022.

2022-23 വർഷത്തിലെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ച് തസ്തിക നഷ്ടമായതും, സംരക്ഷണത്തിന് അർഹതയുള്ളതുമായ ജീവനക്കാരെ താൽക്കാലിക ക്രമീകരണം നടത്തി നിലനിർത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ നിലനിൽക്കുന്ന ജീവനക്കാരെ കെ.ഇ.ആർ അധ്യായം XXI ചട്ടം 7-ലെ വ്യവസ്ഥകൾ പ്രകാരവും, പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും സംരക്ഷിത ജീവനക്കാർക്ക് മാത്രമായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളിൽ ക്രമീകരിക്കേണ്ടതുണ്ട്. സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസവും അധ്യാപക ബാങ്കും സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഈ വർഷത്തെ അധ്യാപക/അനധ്യാപക ബാങ്ക് 27.12.2022 -ന് മുൻപായി പ്രസിദ്ധീകരിക്കേണ്ടതാണ്.
2) കെ.ഇ.ആർ അധ്യായം XXI ചട്ടം 7 (8) പ്രകാരം മറ്റ് ജില്ലകളിലെ സ്ഥിരം ഒഴിവുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട അധ്യാപകരെ മാതൃജില്ലയിൽ ചട്ടം 7(1) മുതൽ 7(4) വരെയുള്ള സംരക്ഷിത അധ്യാപകരെ പുനർവിന്യസിക്കേണ്ട ഒഴിവുകൾ ലഭ്യമായാലോ, മാതൃ സ്കൂളിലെ സ്ഥിരം ഒഴിവുകളിലേയ്ക്കോ തിരികെ വിളിച്ച് പുനർവിന്യസിക്കേണ്ടതാണ്.
3) സ്ഥിരം തസ്തികകളിൽ പുനർവിന്യസിക്കപ്പെട്ട സംരക്ഷിത ജീവനക്കാർ മാതൃ വിദ്യാലയത്തിലേയ്ക്ക് തിരികെ പോവുകയാണെങ്കിലോ, വിരമിക്കുകയാണെങ്കിലോ കെ.ഇ.ആർ അധ്യായം XXI ചട്ടം 7 (6)-ലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിൽ നിന്നും മറ്റൊരാളെ ഉടനെതന്നെ പ്രസ്തുത സ്കൂളിൽ പുനർ വിന്യസിക്കേണ്ടതാണ്.

4) ജില്ലളിൽ സ്ഥിരം പുനർവിന്യാസം നൽകുമ്പോൾ അതത് കാറ്റഗറികളിലെ സീനിയർമാരെയാണ് പുനർവിന്യസിച്ചു നൽകേണ്ടത്. ഇതിലേക്കായി നിലവിൽ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കപ്പെട്ടിട്ടുള്ളവരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തിരികെ വിളിക്കാവുന്നതാണ്.

5) ജില്ലകൾക്ക് പുറത്ത് പുനർവിന്യസിക്കേണ്ടി വരുമ്പോൾ അതത് കാറ്റഗറിയിലെ ജൂനിയർമാരെ പുനർവിന്യസിച്ചു നൽകേണ്ടതാണ്.

6) കെ.ഇ.ആർ അധ്യായം XXI ചട്ടം 7 (1) മുതൽ 7(4) വരെയുള്ള ഒഴിവുകളിൽ സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകർക്ക് പുനർവിന്യസിക്കപ്പെട്ട സ്കൂളിലെ സ്പാർക്ക് വഴി ശമ്പളം നൽകേണ്ടതാണ്. മറ്റുള്ളവർക്ക് മാതൃവിദ്യാലയത്തിൽ നിന്നും ശമ്പളം നൽകേണ്ടതാണ്. പുനർവിന്യസിക്കപ്പെടുന്നതുമൂലം ഇത്തരം ജീവനക്കാരുടെ ശമ്പള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടാകാതെ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

7) എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടിയതു വഴി സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി ക്രമീകരിക്കപ്പെട്ടിട്ടുള്ള അധ്യാപക/അനധ്യാപക ജീവനക്കാരുണ്ടെങ്കിൽ അത്തരക്കാരെ നിർബന്ധമായി അധ്യാപക ബാങ്കിലേയ്ക്ക് മാറ്റിക്കൊണ്ട് ചട്ടപ്രകാരമുള്ള പുനർവിന്യാസം നൽകേണ്ടതാണ്. അപ്രകാരം ലഭ്യമാകുന്ന ഒഴിവുകൾ ചട്ടപ്രകാരം നികത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, പുനർവിന്യാസം വഴി സർക്കാർ സ്കൂളുകളിലെ നിയമനങ്ങളെ ഒന്നുംതന്നെ ബാധിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

8) സ്ഥിരം പുനർവിന്യാസം നൽകി ജില്ലയിലോ/മറ്റ് ജില്ലയിലോ ക്രമീകരിക്കുമ്പോൾ, ജീവനക്കാർ പുനർവിന്യാസം സ്വീകരിക്കാൻ വിമുഖത കാണിക്കുന്ന പക്ഷം അത്തരം ജീവനക്കാരെ അധ്യാപക/അനധ്യാപക ബാങ്കിൽ നിന്നും നീക്കം ചെയ്യേണ്ടതും, അത്തരക്കാരുടെ സംരക്ഷണാനുകൂല്യം ഉടനടി റദ്ദാക്കി ഉത്തരവ് നൽകേണ്ടതാണ്.

പരാമർശം (9) സർക്കാർ ഉത്തരവ് പ്രകാരം അനുപാതം/എണ്ണം കുറച്ച് 2022-23 വർഷം ഹൈസ്കൂൾ അധ്യാപകർ, ഭാഷാധ്യാപകർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ ഉൾപ്പെടെയുള്ള അധ്യാപക/അനധ്യാപക ജീവനക്കാരെ മാതൃസ്കൂളിൽ നിലനിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തുടരുന്നതിന് തസ്തിക അനുവദിക്കാൻ അനുമതിയില്ലാത്തതിനാൽ സംരക്ഷണത്തിന് അർഹതയുള്ളവരെ അധ്യാപക/അനധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി മാതൃവിദ്യാലയത്തിൽ പുനർ വിന്യസിച്ചതായി കാണിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>സ്വീകർത്താക്കൾ</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്).

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

നം.792455/ഇ.ഡബ്ല്യു3/2016/തസ്വഭവ. തീയതി. തിരുവനന്തപുരം, 30/12/2016

**സർക്കുലർ**

വിഷയം :- എഞ്ചിനിയറിംഗ് വിംഗ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 12.09.2011 ലെ 42448/ ഇ.ഡബ്ല്യു3/2011/ തസ്വഭവ നമ്പർ സർക്കാർ സർക്കുലർ.
2. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 28.07.2016 ലെ സി.ആർ.എം.പി . 3048/01/LA1/2016/KeSCPCR നമ്പർ ഉത്തരവ്.

സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് സൂചന(1) പ്രകാരം പൊതു നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലാത്തതും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതും, അക്കാര്യം കാണിച്ച് സർക്കുലർ പുറപ്പെടുവിക്കേണ്ടതുമാണെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സൂചന(2) പ്രകാരം ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ, പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ സൂചന(1)ലെ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കേണ്ടതാണ്.

**റ്റി.കെ. ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ് )
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ്.
തദ്ദേശ സ്വയംഭരണ (ഇപിഎ/ഇപിബി/ഇസി/ഇആർബി/ഇആർഎ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - സംസ്ഥാനത്തെ സ്കൂളുകൾക്കും അംഗൻവാടികൾക്കും മേൽക്കൂര നിർമ്മിക്കുന്നതും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതും - മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(കൈ) നം.114/2022/LSGD തീയതി,തിരുവനന്തപുരം, 28-05-2022

---

പരാമർശം:-
1. സ.ഉ (കൈ) നം.162/19/പൊവിവ തീയതി 09.10.2019.
2. 17.10.2019-ലെ ഇപിഎ/302/19/തസ്വഭവ നം. സർക്കാർ കത്ത്.
3. സ.ഉ (സാധാ) നം.2182/21/തസ്വഭവ തീയതി 02.11.2021.
4. സ.ഉ (സാധാ) നം.594/22/തസ്വഭവ തീയതി 11.03.2022.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂരകളോടുകൂടി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിൽ നിന്നും ആയവ ഉത്തരവ് തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ നീക്കം ചെയ്ത് പകരം അനുയോജ്യമായ മേൽക്കൂരകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, സ്കൂളുകൾ ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ, അലുമിനിയം ഷീറ്റുകൾ എന്നിവയാൽ നിർമ്മിതമല്ലെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നല്കുകയുണ്ടായി. പിന്നീട്, സംസ്ഥാനത്തെ സ്കൂളുകൾ നവംബർ ഒന്ന് മുതൽ തുറക്കുന്ന സാഹചര്യം പരിഗണിച്ച് ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേക്ക് മാറ്റുന്നതിനും അതുപോലെ പുതുതായി നിർമ്മിച്ചിരിക്കുന്ന ബഹുനിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമായതിനാൽ, ഈ പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കും എന്ന വ്യവസ്ഥയിൽ, താത്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിർദ്ദേശം നൽകി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേക്ക് മാറ്റുന്നതിനും, അതുപോലെ പുതുതായി നിർമ്മിച്ചിരിക്കുന്ന ബഹുനിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമുണ്ട് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 2022 മെയ് 31 വരെ സമയം അനുവദിച്ച് സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ ഭൂരിഭാഗം സ്കൂളുകളും അംഗൻവാടികളും കോൺക്രീറ്റ് അല്ലെങ്കിൽ ഓടു കൊണ്ടുള്ള മേൽക്കൂര ഉള്ളവയാണെങ്കിലും ചിലയിടങ്ങളിൽ ആസ്ബസ്റ്റോസ്, ടിൻ/അലുമിനിയം ഷീറ്റ് മേൽക്കൂരകളും ഉണ്ട്. ബഹു.ഹൈക്കോടതിയുടെ 03/09/2019ലെ ഉത്തരവിൽ കുട്ടികളുടെ ആരോഗ്യപ്രശ്നം ചൂണ്ടിക്കാട്ടി ആസ്ബസ്റ്റോസ് മേൽക്കൂരകൾ നിരോധിക്കുകയും ഇവ മാറ്റുന്നതിന് 2 വർഷത്തെ സാവകാശം അനുവദിക്കുകയും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സൂചന (1) സർക്കാർ ഉത്തരവിനെ തുടർന്ന് കുറേയേറെ സ്കൂളുകൾ ആസ്ബസ്റ്റോസ് മേൽക്കൂര മാറ്റിയിരുന്നു. ടിൻ/അലുമിനിയം/ആസ്ബസ്റ്റോസ് ഷീറ്റുകൾ ചൂട് കടത്തുന്നവയാണ് എന്ന കാരണത്താൽ അവ ഇത്തരം സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ

നിന്നും നീക്കം ചെയ്യുവാൻ ബാലാവകാശ കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ആസ്ബസ്റ്റോസ്, ടിൻ/അലുമിനിയം/ഷീറ്റ് മേൽക്കൂരകൾക്ക് പകരം കോൺക്രീറ്റ് പകരം കോൺക്രീറ്റ്, ഓട് എന്നിവ മാത്രമാണ് നിലവിലുള്ള സാദ്ധ്യത. അതിൽ ഓട് പല കാരണങ്ങളാലും പ്രായോഗികമല്ല. മതിയായ അടിത്തറയും ബലമുള്ള ഭിത്തികളും ഇല്ലാത്ത കെട്ടിടങ്ങളിൽ പുതുതായി കോൺക്രീറ്റ് മേൽക്കൂരയും സാദ്ധ്യമല്ല. മാത്രമല്ല, അത് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമാണ്. ആയതിനാൽ ഇത്തരം സ്കൂളുകൾക്കും അംഗൻവാടികൾക്കും മേൽക്കൂര മാറ്റുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കാൻ സാധിക്കുന്നത് എന്ന് ആലോചിക്കേണ്ടതുണ്ട്. അതുപോലെ തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ സ്കൂളുകൾക്ക് Fire & Safety അനുമതി ലഭിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫിറ്റ്നസ് നൽകുന്നില്ലായെന്ന് പരാതി ഉയർന്നിട്ടുള്ളതാണ്. 2019-നു മുൻപ് ഇത്തരമൊരു അനുമതിയുടെ ആവശ്യമില്ലാതിരുന്നതിനാൽ സ്കൂളുകളിൽ അതിനുള്ള സൗകര്യം ഒരുക്കിയിരുന്നില്ല. 2019ൽ KMBR ൽ വന്ന ഭേദഗതി പ്രകാരം 1000 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് Fire & Safety അനുമതി നിഷ്കർഷിച്ചിട്ടുണ്ട്. ജൂണിൽ സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ലായെങ്കിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കാനാകാത്ത സാഹചര്യം സംജാതമാകും.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത് സംബന്ധമായി 17/05/2022ൽ ബന്ധപ്പെട്ട സാങ്കേതികവിഭാഗം ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതലയോഗം ചേർന്ന് വസ്തുതകൾ വിലയിരുത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളുടെയും അംഗൻവാടികളുടെയും മേൽക്കൂര നിർമ്മിക്കുന്നത് സംബന്ധിച്ചും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്നത് സംബന്ധിച്ചും താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പുതുതായി നിർമ്മിക്കുന്ന സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്കും അംഗൻവാടികൾക്കും DSR (12.8) പ്രകാരമുള്ള Non Asbestos High Impact Poly Propylene Reinforced Cement 6mm thick Corrugated sheet ഉപയോഗിച്ചും പ്രൈവറ്റ് സ്കൂൾ കെട്ടിടങ്ങൾക്ക് മേൽപ്പറഞ്ഞ ഷീറ്റ് കൂടാതെ Non Asbestos Sandwich ഷീറ്റും ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കാവുന്നതാണ്.

2. ടിൻ/അലുമിനിയം/ഷീറ്റ് മേഞ്ഞ സ്കൂൾ/അംഗൻവാടി കെട്ടിടങ്ങൾക്ക് അടുത്ത അധ്യയന വർഷത്തിനുള്ളിൽ false ceiling ചെയ്യണമെന്നും ഫാൻ ഘടിപ്പിക്കണമെന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

3. 2019-ലെ കെട്ടിട നിർമ്മാണചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് നിർമ്മാണം ആരംഭിച്ചതും 2019-നു ശേഷം പൂർത്തിയായതുമായ കെട്ടിടങ്ങൾക്ക് Fire & Safety സൗകര്യം ഒരുക്കുന്നതിൽ ഇളവു നൽകി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. പൊതുവിദ്യാഭ്യാസ (എം) വകുപ്പ്.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 28-05-2022 14:22:38

സെക്ഷൻ ഓഫീസർ

പകർപ്പ്- 1)ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2)ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

GOVERNMENT OF KERALA

Abstract

General Education- Aided -Retention of full time posts by virtue of Group 'C' diversion-Cancelled-Orders issued.

**General Education (J) Department**

GO(MS)No. 220/2010/G. Edn. Dated, Thiruvananthapuram, 04-11-2010

Read:- (1) G.O(MS) No. 371/00/G.Edn. dated. 13/11/2000.

(2) Letter No. RA(4)/16833/07/DPI dated 21/04/2008 & 27/07/2010.

(3) Letter No.A4-Commission/RTE/2010 dated 29/05/2010 from the Commission for Right to Education Act.

**ORDER**

As per the Government Order read as first paper above, it was interalia ordered that the post created by virtue of Group 'C' diversion cannot be treated as protected and that such full time post cannot be converted into part time post.

2) It has come to the notice of the Government that if more periods are diverted from Group 'C' subjects, it will adversely affect the overall development of the students as there will be a reduced number of periods for Group 'C' subjects like Art Education, Health & Physical Education and Work Education.

3) As per the schedule of the Right to Education Act 2009 also equal importance is to be given to Group 'C' subject like Art Education, Health & Physical Education and Work Education for the Children studying in classes VI to VIII. Therefore any diversion of Group 'C' subjects for making part time language teacher to full time language teacher will adversely affect the teaching/ learning of group 'C' subjects.

4) In the above circumstances, the Government Order read as first paper above is cancelled by extending such facility to the teachers for the academic year 2010-11 only.

By Order of the Governor

P.VANAJA
Additional Secretary

The Director of Public Instruction, Thiruvananthapuram.

All Deputy Directors of Education
District Educational Officers → Through DPI
Assistant Educational Officers.

The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram.
The Director, Information and Public Relations Department,
Thiruvananthapuram.
The Director, IT @ School (for publishing in the website.)
All sections and Officers in the General Education Department
Stock File/Office Copy.

Forwarded/By Order

Section Officer